

ടോം ഫോറസ്റ്റ് സി. എസ്. എസ്. ആർ.

# നവ
# വിശേഷവത്ക്കരണ
# പ്രാർത്ഥനകൾ

വിവർത്തനം:

ജോസ് പടന്നമാക്കൽ

/248.3
FOR

00096765

JEEVASS



പ്രിയ ..................................................................................

..................................................................................................

ആശംസകൾ

സ്നേഹത്തോടെ

15822

ടോം ഫോറസ്റ്റ് സി. എസ്.എസ്.ആർ.

# നവ സുവിശേഷവത്കരണ പ്രാർത്ഥനകൾ

പരിഭാഷ

ജോസ് പടന്നമാക്കൽ

DHARMARAM VIDYA KSHETRAM Central Library BANGALORE-560 029
DHARMARAM COLLEGE LIBRARY BANGALORE-29
ACHARYA PALACKAL JEEVAN KENDRAM LIBRARY 15827

DHARMARAM VIDYA KSHETRAM
LIBRARY
Ac. No. ..............................
Call No. ..............................

Dharm... College Library
Ac...
Call No. ..............................

Malayalam

## Nava Suviseshavalkarana Prarthanakal

Praying for a new evangelisation
A presentation of Evangelisation 2000

M/248.3
FOR

by Tom Forrest C Ss R

Translated by
Jos Padannamackal

Dharmaram College Library
Acc. No. 96765
Call No. K31/P130

Imprimatur
Rt.. Rev. Dr. Peter Thuruthikonath
Bishop of Vijayapuram

Published by
Emmaus Publications

Printed at d c offset printers, kottayam

Malayalam Copyright
Emmaus Publications
H.M.T. Colony. P.O.
683 503

1992 Easter

Price Rs. 10

DHARMARAM COLLEGE LIBRARY BANGALORE-29

15871

*സുവിശേഷവത്കരണ ദശകത്തിലെ ആഗോള വ്യാപകമായ പ്രാർത്ഥനായജ്ഞത്തിൽ ക്രിയാത്മക പങ്കു വഹിക്കുന്നതിനു നമ്മെ സഹായിക്കുന്ന വിചിന്തനങ്ങളും ചിന്താധാരകളും പ്രാർത്ഥനകളുമാണ് ഈ ചെറു ഗ്രന്ഥത്തിൽ.*

"വിശ്വാസത്തോടും തീക്ഷ്ണതയോടുംകൂടെ
പരിശുദ്ധാത്മാവിനോട് നിരന്തരം പ്രാർത്ഥിക്കുവാനും
തങ്ങളുടെ പദ്ധതികളുടെയും ആദ്യചുവടു
വയ്പുകളുടെയും സുവിശേഷവത്കരണ
പ്രവർത്തനത്തിൻെറയും നിർണ്ണായക പ്രചോദകനായ
ദിവ്യാത്മാവിനാൽ വിവേകപൂർവം നയിക്കപ്പെടുന്നതിനു
സ്വയം സമർപ്പിക്കുവാനും എല്ലാ സുവിശേഷ
പ്രഘോഷകരേയും—അവർ ആരുമാകട്ടെ—നാം
ആഹ്വാനം ചെയ്യുന്നു."

പോൾ ആറാമൻ മാർപ്പാപ്പ

പരിശുദ്ധ കന്യാമറിയമേ, ഞങ്ങളുടെ പ്രിയപ്പെട്ട മദ്ധ്യസ്ഥേ സുവിശേഷ പ്രഘോഷണയാത്രയിൽ ഞങ്ങൾ മുന്നേറുമ്പോൾ അവിടുന്ന് മാതൃസഹജമായ സ്നേഹത്തോടെ ഞങ്ങളെ നോക്കിക്കാണുകയും ശക്തിപ്പെടുത്തുകയും ചെയ്യണമെ.

[illegible]ARAM VIDYAKSHETRAM
LIBRARY
Acc. No. ........................
Call No. ........................

Malayalam

Nava Suviseshavalkarana Prarthanakal

Praying for a new evangelisation
A presentation of Evangelisation 2000

by Tom Forrest C Ss R

Translated by
Jos Puthenveedu

Imprimatur
Rt. Rev. Dr. Peter Thuruthikonam
Bishop of Vijayapuram

Published by
Emmaus Publications

Printed at d c offset printers, kottayam

Malayalam Copyright
Emmaus Publications
H.M.T. Colony, P.O.
683 503.

1992 Easter

Price Rs. 10.

പ്രാർത്ഥിക്കാൻ എല്ലാവർക്കും ആവശ്യമുണ്ട്. പ്രാർത്ഥിക്കാനുള്ള ആഗ്രഹവും ഒട്ടുമിക്കവർക്കുമുണ്ട്. പക്ഷേ, എങ്ങനെ പ്രാർത്ഥിക്കണം, എന്തു പ്രാർത്ഥിക്കണം എന്നുള്ളത് പലരേയും സംബന്ധിച്ച് ഒരു വലിയ പ്രശ്നമാണ്. അതിനുള്ള ഉത്തരം സെൻറ് പോൾ പറയുന്നത് "പരിശുദ്ധാത്മാവ് തന്നെ ആഴമായ നെടുവീർപ്പോടെ നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നു. ഹൃദയങ്ങൾ പരിശോധിക്കുന്നവൻ ആത്മാവിൻെറ ഇംഗിതം എന്തെന്ന് അറിയുന്നു. ആത്മാവ് ദൈവ തിരുമനസ്സ് പോലെയാണ് വിശുദ്ധർക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നത്." റോമ 8:26-27

അപ്പോൾ, പ്രാർത്ഥനയെന്ന പ്രവൃത്തി ചെയ്യുന്നത് പരിശുദ്ധാത്മാവാണ്. അതേ സമയം, മനുഷ്യാത്മാവിൻെറ ആഗ്രഹവും ഒരുക്കവും തയ്യാറെടുപ്പും കൂടെയാകുമ്പോൾ പ്രാർത്ഥന പൂർണവും ഫലപ്രദവുമാകുന്നു. ഈ സാഹചര്യത്തിൽ വേദപുസ്തകത്തിലെ നിവേശിതങ്ങളായ വചനങ്ങളും പ്രാർത്ഥനകളും വിശുദ്ധാത്മാക്കളുടെ സ്വകാര്യവും വ്യക്തിപരവുമായ പ്രാർത്ഥനകളും നമുക്ക് മാതൃകയോ മാർഗനിർദ്ദേശകമോ ആകാവുന്നതാണ്.

ഇന്ന് തിരുസഭ ആചരിക്കുന്ന സുവിശേഷവത്കരണ ദശകത്തിൻെറ ആചരണത്തിന് ആക്കംകൂട്ടുന്ന ചില പ്രാർത്ഥനകളാണ് ഈ ചെറുഗ്രന്ഥത്തിൻെറ ഉള്ളടക്കം. പ്രത്യേകം പ്രത്യേകം അവസരങ്ങളിൽ ചൊല്ലുവാൻ തക്ക മാതൃകാപ്രാർത്ഥനകൾ ആണ് ഇതിലുള്ളത്. അനുഭവവും ആത്മസ്പർശവും ഉള്ളതുകൊണ്ട് ഇവ ആർക്കും ഉപയോഗിക്കാം. നമ്മുടെ സുവിശേഷപ്രഘോഷണാത്മകമായ ജീവിതത്തെയും ജീവിത സാഹചര്യങ്ങളെയും അല്പം കൂടിയെങ്കിലും ആത്മീയമാക്കാൻ ഈ പ്രാർത്ഥനകൾ ഉപകരിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. അതാണെൻെറ ആശംസ!

ആറേഴു ഭാഷകളിൽ പരിഭാഷിച്ചിട്ടുള്ളതാണ് ഇതിൻെറ മൂലകൃതി; മൂലം ഇംഗ്ലീഷിലാണ്. വളരെ സുന്ദരമായ മലയാള വിവർത്തനമുണ്ടാക്കിയ ശ്രീ ജോസ് പടന്നമാക്കലിന് നന്ദിയും അനുമോദനങ്ങളും!

എമ്മാവൂസ് പബ്ലിക്കേഷൻസിൻെറ പ്രസിദ്ധീകരണമായി ഇത് പ്രകാശിപ്പിക്കാൻ അനുമതിയും മററെല്ലാ ഒത്താശകളും ചെയ്ത, സുവിശേഷവത്കരണം രണ്ടായിരത്തിൻെറ ഏഷ്യൻ കൊ-ഓർഡിനേററായ ഫാ. ജീനോ ഹെൻറിക്സിനും ഏററം നന്ദി.

കർത്താവിനു സ്തുതി!

എമ്മാവൂസ് — ഫാ. ജോസ് പാലാട്ടി സി.എം.ഐ.

കളമശ്ശേരി

# അവതാരിക

യേശുവാണ് പ്രാർത്ഥനയുടെ യഥാർത്ഥഗുരു. പ്രബോധനത്തിലൂടെയും മാതൃകയിലൂടെയും അവിടുന്ന് അത് പ്രകടമാക്കി. എല്ലാദിവസവും പ്രാർത്ഥിക്കാൻ ഒരു നിശ്ചിതസമയമുണ്ട് എന്നതുകൊണ്ട് അർത്ഥമാക്കുന്നതിതാണ്: പ്രാർത്ഥനയിൽ നാഥനെ കണ്ടെത്തുന്നതാണ് ഓരോ ദിവസത്തെയും ഏററം പ്രധാനപ്പെട്ട കാര്യം എന്ന് നാം മനസ്സിലാക്കിയിരിക്കുന്നു.

ദൈനംദിന ജീവിതത്തിൽ പ്രാർത്ഥനയുടെ യഥാർത്ഥശക്തിയും ഫലദായകത്വവും പൂർണമായി വിലമതിക്കുവാൻ നമുക്കൊരിക്കലും കഴിയുകയില്ല. ലോകത്തിന്റെ അതിർത്തികൾവരെ സുവിശേഷം പ്രഘോഷിക്കപ്പെടുമ്പോഴേക്കും നമ്മുടെ വ്യക്തിജീവിതത്തിലും സമൂഹ ജീവിതത്തിലും ദൈവസാന്നിധ്യവും ദൈവസ്നേഹവും കണ്ടെത്തിയനുഭവിക്കാൻ പ്രാർത്ഥന നമ്മെ പരിശീലിപ്പിക്കുന്നു.

വിഭിന്നങ്ങളായ പ്രാർത്ഥനാശൈലികളിലൂടെ രൂപങ്ങളിലൂടെ വ്യക്തിയോടും സാഹചര്യങ്ങളോടും ജനതകളുടെ ആവശ്യങ്ങളോടും സൂക്ഷ്മമായ സംവേദനക്ഷമത എക്കാലവും പുലർത്തിക്കൊണ്ട് സഭ എന്നും സുവിശേഷവത്കരണോദ്യമങ്ങളോട് ചേർന്നു പോവുകയും അവയെ പിന്തുണയ്ക്കുകയും ചെയ്തിട്ടുണ്ട്.

ആധുനിക സമൂഹത്തെ സുവിശേഷവത്കരിക്കുവാൻ ഇന്നത്തെ ക്രിസ്ത്യാനികൾ വിളിക്കപ്പെട്ടിരിക്കുന്നു. സദ്വാർത്തയുടെ ആദ്യശ്രവണത്തിനായി കാത്തിരിക്കുന്ന ജനതയുടെ എണ്ണം അനുദിനം വർധിക്കുന്ന സാഹചര്യത്തിലും ക്രിസ്ത്യാനികൾ പുനഃസുവിശേഷവത്കരിക്കപ്പെടേണ്ടതിന്റെയോ, പുത്തനായി സുവിശേഷവത്കരിക്കപ്പെടേണ്ടതിന്റെയോ ആവശ്യകതയെക്കുറിച്ച് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ നിരന്തരമായി സംസാരിക്കുന്നു.

സുവിശേഷവത്കരണത്തിനായുള്ള ഈ വെല്ലുവിളി പ്രാർത്ഥനാ പിന്തുണയില്ലാതെ വേണ്ടവിധം നേരിടാനാവില്ല. മാധ്യസ്ഥ്യപ്രാർത്ഥന, സ്തുതിപ്പുകൾ, ശ്ലൈഹികപ്രാർത്ഥന— ഇവ നമ്മുടെ സഹോദരർക്കു വേണ്ടി സഹനങ്ങൾ ഏറെറടുക്കുന്നതിന് സ്വയം സമർപ്പിക്കുവാനുള്ള ശക്തി പകർന്നു തരും.

നാം ജീവിക്കുന്ന ലോകത്തെ സുവിശേഷവത്കരിക്കുന്നതിന് പ്രതിജ്ഞാബദ്ധരായ ദൈവജനത്തെ പ്രാർത്ഥനയിലൂടെ ശക്തിപ്പെടുത്തുന്നതിന് ഈ ചെറുഗ്രന്ഥത്തിലെ ബൈബിൾ പ്രാർത്ഥനകളും വിചിന്തനങ്ങളും സഹായിക്കും.

പോൾ ആറാമൻ മാർപ്പാപ്പ 'ഇവാഞ്ചലി നുൺഷിയാന്തി'യിലൂടെ

നൽകിയ ആഹ്വാനത്തിലുൾക്കൊള്ളുന്ന പ്രത്യാശയും അഭിലാഷവുമാണ് എൻേറതും. വിശ്വാസത്തോടും തീക്ഷ്ണതയോടുംകൂടി പരിശുദ്ധാത്മാവിനോട് നിരന്തരം പ്രാർത്ഥിക്കുവാൻ തങ്ങളുടെ അപ്പസ്തോലിക പ്രവർത്തനങ്ങളിലും സംരംഭങ്ങളിലും ദിവ്യാത്മാവിനാൽ നയിക്കപ്പെടുന്നതിന് സ്വയം സമർപ്പിക്കുവാനും (ഈ ഗ്രന്ഥം ഉപയോഗിക്കുന്ന) എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

ദൈവമഹത്ത്വത്തിനും അവിടുത്തെ രാജ്യം ഭൂമിയുടെ അതിർത്തികൾവരെ പ്രഘോഷിക്കപ്പെടുന്നതിനുംവേണ്ടി വർധിച്ച മഹാമനസ്കതയോടെ സുവിശേഷവത്കരണ ദൗത്യത്തിന് തങ്ങളെത്തന്നെ സമർപ്പിക്കുവാൻ അനേകം ക്രിസ്ത്യാനികളെ, സുവിശേഷ പ്രബോധനാത്മക ആത്മാർത്ഥതയും ശുഷ്കാന്തിയും നിറഞ്ഞ ഈ പ്രാർത്ഥനാസമാഹാരം പ്രബോധിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യട്ടെ.

ജോസഫ് കാർഡിനൽ റേറാമ്കോ
പ്രീഫെക്റ്റ്
ജനതകളുടെ സുവിശേഷവത്കരണത്തിനായുള്ള തിരുസംഘം
വത്തിക്കാൻ.

15827

# ഉള്ളടക്കം


*അവതാരിക*

സുവിശേഷവത്കരണം — പ്രാർത്ഥനയുടെ ആവശ്യകത ..................6

ഉപയോഗിക്കേണ്ട രീതി ..................13

പ്രഭാത സമർപ്പണം ..................17

ദേവാലയം സന്ദർശിക്കുമ്പോൾ ..................19

യാത്രാവേളകൾ ..................21

വിശുദ്ധലിഖിതങ്ങൾ വായിക്കുമ്പോൾ ..................24

ഭക്ഷണസമയം ..................26

ത്രികാലജപം ..................29

കുടുംബ പ്രാർത്ഥന ..................31

ദിവ്യബലി അർപ്പിക്കുമ്പോൾ ..................33

വ്യക്തിപരമായ പ്രാർത്ഥനാവേളയിൽ ..................36

പ്രലോഭനങ്ങളെ നേരിടുമ്പോൾ ..................38

കുഞ്ഞുങ്ങളോടൊത്ത് ..................40

വാർത്തകൾ ..................43

കുടുംബാഘോഷവേളകളിൽ ..................46

സഹനം, ഉപവാസം, സഹായം ..................49

സുവിശേഷ പ്രഘോഷണത്തിനു പുറപ്പെടുമ്പോൾ ..................51

മരണം ..................55

രാത്രിജപം ..................57

വിശുദ്ധലിഖിത ഭാഗങ്ങൾ ..................59

# ആഗോള സുവിശേഷവത്ക്കരണത്തിന് ദിവസം മുഴുവൻ ഉപയോഗിക്കാവുന്ന ചിന്തകളും പ്രാർത്ഥനകളും

## സുവിശേഷവത്കരണത്തിന് പ്രാർത്ഥനയുടെ ആവശ്യകത

സുവിശേഷവത്കരണത്തിനായി പ്രാർത്ഥിക്കണമെന്നതിൻെറ പ്രഥമവും പ്രധാനവുമായ കാരണം അപ്രകാരം ചെയ്യാൻ യേശു നമ്മോട് കല്പിച്ചു എന്നതാണ്.

ഇടയനില്ലാത്ത ആടുകളെപ്പോലെ പരിഭ്രാന്തരും നിസ്സഹായരുമായിരുന്ന "ജനക്കൂട്ടങ്ങളെ കണ്ടപ്പോൾ" "യേശുവിന് അനുകമ്പ തോന്നി." "വിള ഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിൻെറ നാഥനോട് പ്രാർത്ഥിക്കുവാൻ" (*മത്തായി 9: 36, 38*) അവിടുന്ന് നമ്മോട് ആവശ്യപ്പെട്ടു.

യേശു നമ്മോട് ആജ്ഞാപിക്കുന്നവയെല്ലാം അവിടുന്ന് എപ്പോഴും ഏററം ശ്രേഷ്ഠമായ രീതിയിൽ നിർവഹിച്ചുകൊണ്ട് നമുക്ക് മാതൃകയേകുന്നു.

തിരുവത്താഴവേളയിൽ യേശുവിൻെറ അപ്പസ്തോലിക പ്രാർത്ഥന ഇപ്രകാരമായിരുന്നു:

> "(പിതാവേ) ലോകത്തിൽനിന്ന് അവിടുന്ന് എനിക്കു നല്കിയവർക്ക് അവിടുത്തെ നാമം ഞാൻ വെളിപ്പെടുത്തി...അങ്ങ് എനിക്കു നൽകിയ വചനം ഞാൻ അവർക്കു നൽകി...
>
> അങ്ങ് എന്നെ ലോകത്തിലേക്ക് അയച്ചതുപോലെ ഞാനും അവരെ ലോകത്തിലേക്കയച്ചിരിക്കുന്നു...അവർക്കുവേണ്ടി മാത്രമല്ല, അവരുടെ വചനംമൂലം എന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടി കൂടിയാണ് ഞാൻ പ്രാർത്ഥിക്കുന്നത്...അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കു ന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു..."
>
> (*യോഹന്നാൻ 17:6-21*)

എല്ലാക്കാര്യങ്ങളിലും യേശുവിനെ അനുകരിച്ചിരുന്ന വിശുദ്ധ പൗലോസ് (*1 കൊറി. 11:1*) ഇവിടെയും അവിടുത്തെ അനുകരിക്കുന്നു.

> "ഞാൻ വായ് തുറക്കുമ്പോൾ എനിക്കു വചനം ലഭിക്കാനും സുവിശേഷത്തിൻെറ രഹസ്യം ധൈര്യപൂർവം പ്രഘോഷിക്കാനും നിങ്ങൾ എനിക്കു വേണ്ടി പ്രാർത്ഥിക്കുവിൻ...എൻെറ കടമയ്ക്കൊത്തവിധം ധീരതയോടെ പ്രസംഗിക്കാൻവേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം..."
>
> (*എഫേസോസ് 6:19-20*)

"കർത്താവിൻെറ വചനത്തിന് മററെല്ലായിടത്തും പ്രചാരവും മഹത്ത്വവും (*2 തെസലോനിക്ക 3:1; കൊളോസോസ് 4:4*) ലഭിക്കുന്നതിന് ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുവിൻ."

ആദിമ ക്രൈസ്തവർ പീഡനങ്ങളെ നേരിട്ടപ്പോഴും സുവിശേഷ പ്രഘോഷണത്തിന് ശക്തിക്കായി പ്രാർത്ഥിച്ചപ്പോഴും സവിശേഷമായ രീതിയിൽ പ്രത്യുത്തരം ലഭിച്ചു.

"അവർ ഏകമനസ്സോടെ ഉച്ചത്തിൽ ദൈവത്തോട് അപേക്ഷിച്ചു: നാഥാ, ആകാശത്തിൻെറയും ഭൂമിയുടെയും സമുദ്രത്തിൻെറയും അവയിലുള്ള സകലത്തിൻെറയും സ്രഷ്ടാവേ...അവരുടെ ഭീഷണികളെ അവിടുന്ന് ശ്രദ്ധിക്കണമേ. യേശുവിൻെറ നാമത്തിൽ രോഗശാന്തിയും അടയാളങ്ങളും അത്ഭുതങ്ങളും സംഭവിക്കുന്നതിനായി അവിടുത്തെ കൈകൾ നീട്ടേണമേ...
അവർ സമ്മേളിച്ചിരുന്ന സ്ഥലം കുലുങ്ങി. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ പൂരിതരായി ദൈവവചനം ധൈര്യപൂർവ്വം പ്രസംഗിച്ചു. (*അപ്പ. പ്രവർത്തനങ്ങൾ 4: 24-31*)

ഇപ്രകാരമുള്ള പ്രാർത്ഥനകൾ തങ്ങളുടെ വിനയപൂർവമായ ദൈവാശ്രയത്തിലൂടെ ഏഷ്യയിൽ ഫ്രാൻസിസ് സേവ്യറുടെയും വടക്കേ അമേരിക്കയിൽ ഐസക്ക് ജോക്കസിൻെറയും കടന്നുപോയ കാലഘട്ടങ്ങളിലെ എല്ലാ മിഷനറിമാരുടെയും സുവിശേഷവേലയ്ക്ക് ദൈവികശക്തി പകർന്നു.

ആധുനിക കാലഘട്ടത്തിലെ അനിതരസാധാരണ, സുവിശേഷപ്രഘോഷകരായ പോപ്പ് ജോൺപോൾ രണ്ടാമൻ, മദർ തെരേസ എന്നിവരുടെ വിജയകഥകൾക്കു പിന്നിലെ ശക്തി പ്രാർത്ഥന തന്നെയാണ്.

പ്രാർത്ഥന ഇല്ലാത്ത സുവിശേഷവത്കരണം, മനുഷ്യൻ തന്നാലാവുന്നത് മററുള്ളവർക്കുവേണ്ടി ചെയ്യുന്ന വെറും ഉദ്യമമായി അവശേഷിക്കും. എന്നാൽ ദൈവം നമ്മെ പുതിയ മനുഷ്യനായി രൂപാന്തരപ്പെടുത്തുമ്പോൾ ഓരോ സുവിശേഷ പ്രഘോഷകനും ദൈവത്തിൻെറ പ്രവർത്തനത്തിനുള്ള ഉപകരണമായിത്തീരുന്നു.

കാറിന് പെട്രോൾ, ശ്വസനത്തിന് വായു എന്നപോലെയാണ് സുവിശേഷ വേലയ്ക്ക് പ്രാർത്ഥന. പെട്രോൾ ഇല്ലാതെ, പ്രാർത്ഥന ഇല്ലാതെ ചലനമില്ല, ജീവനില്ല.

സുവിശേഷവത്കരണം പ്രാർത്ഥനയിൽ ഒതുങ്ങുന്നുമില്ല. എന്നാൽ എല്ലാ സുവിശേഷവത്കരണവും പ്രാർത്ഥനയിൽ ആരംഭിക്കുന്നു, പൂർണമായും പ്രാർത്ഥനയിൽ ആശ്രയിക്കുന്നു. യഹൂദ ജനത പ്രാർത്ഥിച്ചു; മിശിഹാ അവരുടെ പക്കലേക്ക് അയയ്ക്കപ്പെട്ടു.

ഗലീലിയിലൂടെയും യൂദയായിലൂടെയും സമരിയായിലൂടെയും സഞ്ചരിച്ചപ്പോഴും തൻെറ ശിഷ്യരെ തെരഞ്ഞെടുത്തപ്പോഴും അവരെ ദൗത്യനിർവഹണത്തിന് അയച്ചപ്പോഴും യേശു പ്രാർത്ഥിച്ചു.

തങ്ങളുടെ ലളിതമായ ജീവിതസാഹചര്യങ്ങളെ ഉപേക്ഷിച്ച് ക്രിസ്തുവിനായി ലോകത്തെ നേടാൻ പോയപ്പോൾ ശിഷ്യർ പ്രാർഥിച്ചു.

പ്രാർത്ഥിക്കുക ഇനി നമ്മുടെ ഊഴമാണ്.

നമ്മുടെ പ്രാർത്ഥനകൾ നിരന്തരവും നിശ്ചിതവുമായിരിക്കണം. സദ്വാർത്തയുടെ കരുത്തും പ്രചോദനവും നയിക്കുന്ന പ്രകാശവും ഇനിയും സ്വീകരിച്ചിട്ടില്ലാത്ത അസംഖ്യം ആബാലവൃദ്ധജനങ്ങളുടെ വിമോചനം നമ്മുടെ പ്രാർത്ഥനയെ ആശ്രയിച്ചിരിക്കുന്നു.

സഭയുടെ അടിസ്ഥാനദൗത്യമായ സുവിശേഷവത്കരണത്തിൽ മർമ്മപ്രധാനവും പ്രാർത്ഥനാപൂർവവുമായ ഒരു പങ്കു വഹിക്കുവാൻ ഈ ഗ്രന്ഥം സഹായമാകും.

സുവിശേഷവത്കരിക്കുക എന്നാൽ

പ്രഘോഷിക്കുക, പ്രബോധിപ്പിക്കുക
വരപ്രസാദത്തിന് വഴിയൊരുക്കുക
പാപികളെ ദൈവവുമായി അനുരഞ്ജനത്തിലാക്കുക
അവിടുത്തെ മരണത്തിന്റെയും മഹത്ത്വപൂർണമായ ഉത്ഥാനത്തിന്റെയും സ്മാരകമെന്ന നിലയിൽ ക്രിസ്തുവിന്റെ ആത്മബലി കുർബാനയിൽ ശാശ്വതീകരിക്കുക.

-ഇവാഞ്ചലി നുൺഷിയാന്തി - നമ്പർ 18

ഇതിനായി പ്രാർത്ഥിക്കുക അർത്ഥപൂർണംതന്നെ.

നന്നായി പ്രാർത്ഥിക്കുവാൻ നമ്മെ സഹായിക്കുന്ന ഒരു മാർഗമെന്ന നിലയിൽ ഈ ഗ്രന്ഥത്തെ അനുഗ്രഹിക്കണമെ എന്ന് ഞങ്ങൾ ദൈവത്തോട് പ്രാർത്ഥിക്കുന്നു.

## ഈ ചെറുപുസ്തകം ഉപയോഗിക്കേണ്ട രീതി

### ❑ സാവധാനം വായിക്കുക

അവസാനത്തെ താളും ഉടൻ വായിക്കുവാനുള്ള ഒരുതരം നിർബന്ധ ബുദ്ധിക്കും ആകാംക്ഷയ്ക്കും വഴങ്ങി, പരമാവധിവേഗത്തിൽ പുസ്തകങ്ങൾ വായിച്ചു തള്ളുകയാണ് നമ്മുടെ പതിവ്.

ഇത് അത്തരമൊരു പുസ്തകമല്ല.

ഇത് പ്രാർത്ഥനയ്ക്ക് ഒരു പ്രഭവസ്ഥാനമാണ്. എത്രയും സാവധാനം വായിക്കുന്നുവോ, അത്രയും നന്ന്. ഓരോ പ്രാവശ്യവും എത്രയും കുറച്ച് വായിക്കുന്നുവോ, അത്രയേറെ ഫലപ്രദം.

ഏതെങ്കിലും ആശയം അതിന്റെ പ്രാധാന്യംമൂലമോ വിവക്ഷമൂലമോ നിങ്ങളെ സ്പർശിക്കുന്ന മാത്രയിൽ വായന നിർത്തുക.

നിങ്ങൾക്ക് മററൊരിടത്തും പോകാനില്ല. ദൈവത്തിൽനിന്നു പുറപ്പെടുന്ന കൃപയും പ്രകാശവും ആഗിരണംചെയ്യാൻ മനസ്സിനും ഹൃദയത്തിനും ശാന്തമായ അവസരം നൽകുമ്പോൾ നിങ്ങൾ യഥാസ്ഥലത്ത് എത്തിക്കഴിഞ്ഞു.

ഏതെങ്കിലും ഒരു പ്രാർത്ഥനയുടെ തുടക്കത്തിലുള്ള വചനഭാഗത്തിന്റെ ആദ്യവാക്കുകൾ നിങ്ങളെ വിചിന്തനത്തിലേക്ക് നയിച്ചുവെന്നിരിക്കട്ടെ, അപ്പോൾ നിങ്ങൾപുസ്തകമടയ്ക്കണം. നിങ്ങളെ നയിക്കുന്നതിന് കർത്താവിനെഅനുവദിക്കുവാൻ സമയമായി. അവിടുന്ന് നവ്യവും ഉത്കൃഷ്ടവുമായ അറിവിലേക്ക് നയിച്ചുകൊണ്ട് സുദൃഢമായ സ്വാനുഭവ ബോധ്യം പകർന്നുതരും.

### ❑ പ്രാർത്ഥനയും പ്രവൃത്തിയും പരസ്പരം ബന്ധപ്പെടുത്തുക

"ഇടതടവില്ലാതെ പ്രാർത്ഥിക്കുവിൻ" (ചില വിവർത്തനങ്ങളിൽ "സദാ പ്രാർത്ഥിക്കുവിൻ" പൗലോസ് ശ്ലീഹാ (*1 തെസലോനിക്ക 5:17*) നമ്മോട് ആവശ്യപ്പെടുന്നു. ഒരു പക്ഷേ ഇതായിരിക്കും ബൈബിളിലെ ഏററവും ചെറിയ വചനം. ദിവസത്തിലെ എല്ലാ നിമിഷവും എല്ലാ സാഹചര്യങ്ങളിലും ദൈവസാന്നിധ്യത്തിൽ ജീവിച്ചുകൊണ്ടും അവിടുത്തെ കൃപയിൽ പരിപൂർണ്ണമായി ആശ്രയിച്ചുകൊണ്ടും ഈ വചനത്തിന് പ്രത്യുത്തരമേകാം.

സുവിശേഷം പ്രഘോഷിക്കുക എന്ന നമ്മുടെ ദൗത്യം നിലവിലുള്ള ആനുകാലിക സാഹചര്യങ്ങളിൽ ഈ പ്രാർത്ഥനകൾഏറെ സഹായകമാണ്. ഇവ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരു സാധാരണദിവസ ത്തിലെ എല്ലാ അവസരങ്ങളിലും സുവിശേഷ

പ്രഘോഷണാത്മക പ്രാർത്ഥനയ്ക്ക് ഇതുപകരിക്കും. ഇതിനു പുറമെ, പാരമ്പര്യസമ്പന്നമായ ആരാധനാക്രമ പ്രാർത്ഥനകളിലും ഉപയോഗിക്കാം.

"യാമപ്രാർത്ഥനകൾ ചൊല്ലുന്ന സമ്പ്രദായവും സഭയിൽ പണ്ടുമുതലേ നിലവിലുണ്ടായിരുന്നു. പിതാവായ ദൈവത്തിന് സ്തുതിയർപ്പിക്കുകയും അതോടൊപ്പം ലോകരക്ഷയ്ക്കായി മാദ്ധ്യസ്ഥ്യം അപേക്ഷിക്കുകയും ചെയ്യുന്നതിലൂടെ ഇടതടവില്ലാതെ പ്രാർത്ഥിക്കുക എന്ന കർത്താവിന്റെ ആജ്ഞ സഭ ഇവ്വിധം നിറവേററുന്നു." - *(ദൈവികാരാധനയ്ക്കുള്ള തിരുസംഘം)*

*1971 ഏപ്രിൽ 11*

ഈ ഗ്രന്ഥത്തിലെ പ്രാർത്ഥനകൾ യാമപ്രാർത്ഥനകളോടും ആരാധനാക്രമത്തോടും സംയോജിപ്പിക്കാവുന്നതാണ്.

"നിങ്ങൾ അപേക്ഷകളോടും യാചനകളോടുംകൂടെ എല്ലാ സമയവും ആത്മാവിൽ പ്രാർത്ഥനാനിരതരായിരിക്കുവിൻ. അവിശ്രാന്തം ഉണർന്നിരുന്ന് എല്ലാ വിശുദ്ധർക്കുംവേണ്ടി പ്രാർത്ഥിക്കുവിൻ. ഞാൻ വായ് തുറക്കുമ്പോൾ എനിക്കു വചനം ലഭിക്കാനും സുവിശേഷത്തിന്റെ രഹസ്യം ധൈര്യപൂർവം പ്രഘോഷിക്കാനും നിങ്ങൾ എനിക്കു വേണ്ടി പ്രാർത്ഥിക്കുവിൻ." *(എഫേസോസ് 6: 18-19)*

"ഇടതടവില്ലാതെ പ്രാർത്ഥിക്കുക" എന്നതിന്റെ അർത്ഥം പ്രാർത്ഥന പ്രവൃത്തിയാക്കുക എന്നതാണ്. രണ്ടും ഒന്നായിത്തീരുന്ന പരിധിവരെ പ്രാർത്ഥനയും പ്രവൃത്തിയും കൂടിക്കലരും. പ്രാർത്ഥനയുടെ ഫലമാണ് പ്രവൃത്തി. പ്രവൃത്തിതന്നെ പ്രാർത്ഥനയായി മാറുന്നു.

## ❑ ബൈബിൾ ഉപയോഗിക്കുക

ബൈബിൾ ഭാഗങ്ങൾ പൂർണരൂപത്തിൽ നൽകിയിട്ടില്ല. അതിനാൽ പ്രാർത്ഥിക്കുമ്പോൾ ബൈബിൾ സമീപത്ത് കരുതുക. തുറന്ന് വചനം വായിക്കുക. ബൈബിൾ പ്രാർത്ഥനയാവട്ടെ, ബോധ്യങ്ങൾ സ്വന്തമാക്കുന്നതിന് ഏററവും അഭികാമ്യമായ മാർഗമാണ്. വിശുദ്ധഗ്രന്ഥത്തിന്റെ താളുകളിൽനിന്ന് വചനത്തിന്റെ ശക്തി പ്രവഹിക്കുന്ന രീതി നിഗൂഢം തന്നെ.

"എന്റെ വചനം അഗ്നിപോലെയും
പാറയെ തകർക്കുന്ന കൂടം പോലെയുമല്ലേ?
കർത്താവ് ചോദിക്കുന്നു."

*(ജറെമിയ 23 : 29)*

## ❑ പരിശുദ്ധാത്മാവിനെ വിളിച്ചപേക്ഷിക്കുക

സുവിശേഷവത്കരണത്തിനുവേണ്ടി നന്നായി പ്രാർത്ഥിക്കുവാൻ നാം പരിശുദ്ധാത്മാവിനെ വിളിച്ചപേക്ഷിക്കണം. സുവിശേഷവത്കരണയത്നങ്ങളിൽ ഫലപ്രദമായി പങ്കുചേരുന്നതിന് പരിശുദ്ധാത്മാവിനെ വിളിച്ചപേക്ഷിക്കണം.

"സഭയുടെ സമഗ്രമായ ജീവിതത്തിൽ പരിശുദ്ധാത്മാവിന് പ്രമുഖസ്ഥാനമുണ്ടെങ്കിൽ, അവിടുന്ന് സഭയുടെ സുവിശേഷ പ്രഘോഷണ ദൗത്യത്തിലാണ് ഏററവും കർമ്മനിരതമായിരിക്കുന്നത്."

*-പോൾ ആറാമൻ മാർപ്പാപ്പ*

സുവിശേഷവത്കരണത്തിൻെറ മുഖ്യനടത്തിപ്പുകാരനാണ് പരിശുദ്ധാത്മാവ്. സുവിശേഷം പ്രഘോഷിക്കുവാൻ അവിടുന്ന് ഓരോ വ്യക്തിയേയും പ്രേരിപ്പിക്കുന്നു. മനസ്സിൻെറ അഗാധതലങ്ങളിൽ രക്ഷയുടെ വചനം സ്വീകരിക്കുവാനും ഗ്രഹിക്കുവാനും ഇടയാക്കുന്നത് പരിശുദ്ധാത്മാവാണ്.

അവിടുന്ന് മാത്രമാണ് പുത്തൻസൃഷ്ടിയെ,
നവമാനവികതയെ പ്രബോധിപ്പിക്കുന്നത്:
തദ്ഫലമോ, സുവിശേഷവത്കരണം.

"പരിശുദ്ധാത്മാവ് മുഖേന വചനം ലോകത്തിൻെറ ഹൃദയത്തിലേക്ക് തുളച്ചു കയറുന്നു."

"വിശ്വാസത്തോടും തീക്ഷ്ണതയോടുംകൂടെ പരിശുദ്ധാത്മാവിനോട് നിരന്തരം പ്രാർത്ഥിക്കുവാനും തങ്ങളുടെ പദ്ധതികളുടെയും ആദ്യചുവടുവയ്പുകളുടെയും സുവിശേഷവത്കരണ പ്രവർത്തനത്തിൻെറയും നിർണ്ണായക പ്രചോദകനായ ദിവ്യാത്മാവിനാൽ വിവേകപൂർവം നയിക്കപ്പെടുന്നതിന് സ്വയം സമർപ്പിക്കുവാനും എല്ലാ സുവിശേഷപ്രഘോഷകരെയും നാം ആഹ്വാനം ചെയ്യുന്നു."

*-പോൾ ആറാമൻ മാർപ്പാപ്പ*

## ❑ തീക്ഷ്ണതയോടെ, സ്നേഹപൂർവം പ്രാർത്ഥിക്കുക

ഇവാഞ്ചലി നുൺഷിയാന്തിയിൽ പോൾ ആറാമൻ മാർപ്പാപ്പ തുടരുന്നു:

"സുവിശേഷവത്കരിക്കപ്പെട്ട വ്യക്തി മററുള്ളവരെ സുവിശേഷവത്കരിക്കാൻ തയ്യാറാകുന്നു. ദൈവരാജ്യം പ്രഘോഷിക്കുകയും അതിന് സാക്ഷ്യംവഹിക്കുകയും ചെയ്യുന്ന വ്യക്തിയായി രൂപാന്തരപ്പെടാതെ ഒരുവൻ വചനം സ്വീകരിക്കുകയും സ്വയം ദൈവരാജ്യത്തിന് നൽകുകയും ചെയ്യുക എന്നത് അചിന്ത്യമാണ്."

*(നമ്പർ 24)*

മററുള്ളവരുടെ ദൈവരാജ്യസ്ഥാപനയത്നങ്ങളിൽ പ്രാർത്ഥനാസഹായം നൽകുക എന്നതിലുപരിയായി, സുവിശേഷത്തിന് സാക്ഷ്യംവഹിക്കുക, പ്രഘോഷിക്കുക, പങ്കുവയ്ക്കുക എന്ന വ്യക്തിപരമായ കടമ ശുഷ്കാന്തിയോടെ, കർമ്മനിരതമായി നിറവേററുവാൻ ഈ ചെറുഗ്രന്ഥം നിങ്ങളെ സഹായിക്കട്ടെ.

"കൃതജ്ഞതാഭരിതരായി ഉണർന്നിരുന്ന് നിരന്തരം പ്രാർത്ഥിക്കുവിൻ. ദൈവവചനത്തിൻെറ കവാടം ഞങ്ങൾക്കു തുറന്നുതരാനും ഞങ്ങൾ ക്രിസ്തുവിൻെറ രഹസ്യം പ്രഖ്യാപിക്കാനുമായി നിങ്ങൾ ഞങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കണം." (*കൊളോസോസ് 4: 2-3*)

# പ്രഭാത സമർപ്പണം

*ഓരോ ദിനാരംഭത്തിലും*

**"അതിരാവിലെ അവൻ (യേശു) ഉണർന്ന്**
**ഒരു വിജനസ്ഥലത്തേക്കു പോയി**
**അവിടെ അവൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു.**
*(മർക്കോസ് 1:35)*

**പ്രിയപ്പെട്ട യേശുവേ, ഓരോ പുത്തൻദിനത്തിനുമായി അവിടുന്ന് സ്വർഗീയ പിതാവിന് പ്രാർത്ഥനാപൂർവം കൃതജ്ഞത അർപ്പിച്ചതുപോലെ ഞാനും അങ്ങേയ്ക്ക് നന്ദി പറഞ്ഞുകൊണ്ട് ഈ ദിനം ആരംഭിക്കുന്നു.**

**"നാഥാ, എൻെറ അധരങ്ങൾ തുറക്കണമെ**
**എൻെറ വായ് അങ്ങയുടെ സ്തുതികൾ ഉയർത്തട്ടെ."**

**അങ്ങ് വ്യക്തിപരമായി എനിക്കു നൽകുന്ന സ്നേഹ സമ്മാനമായി ഞാനീ ദിവസം സ്വീകരിക്കുന്നു. എല്ലാ നിമിഷവും എന്നെ നയിച്ചുകൊണ്ട്, സംരക്ഷിച്ചുകൊണ്ട് അവിടുന്ന് എന്നോടൊപ്പമുണ്ടാകുമെന്ന് ഞാൻ അറിയുന്നു. അങ്ങയുടെ സന്നിധിയിൽ ജീവിക്കുവാൻ എന്നെ സഹായിക്കണമെ.**

**നന്മ ചെയ്യുവാൻ ലഭിക്കുന്ന എല്ലാ അവസരങ്ങളും ഫലപ്രദമായി വിനിയോഗിക്കുവാൻ എന്നെ സഹായിക്കണമെ.**

**അങ്ങയെ അറിയാത്തവരെയോ, അങ്ങയെ സ്നേഹിക്കുവാനും അനുഗമിക്കുവാനും കൂട്ടാക്കാത്തവരെയോ ഞാൻ കണ്ടുമുട്ടിയേക്കാം; ചിലപ്പോൾ അവരോട് സംസാരിച്ചേക്കാം.**

**സുവിശേഷം അവരുടെ കാതുകളിലും മനസ്സിലും ഹൃദയത്തിലും എത്തുന്നതിനുവേണ്ടി ഏറെറടുക്കേണ്ടിവരുന്ന സഹനവും അതിനായ് ഇന്ന് ചെയ്യുന്ന എല്ലാ കാര്യങ്ങളും അങ്ങയുടെ തൃക്കരങ്ങളിൽ അർപ്പിക്കുന്നു.**

**"നമ്മുടെ ദൈവത്തിൻെറ കാരുണ്യാതിരേകംകൊണ്ട്**

ഉയരത്തിൽനിന്നുള്ള ഉദയരശ്മി നമ്മെ
സന്ദർശിക്കുമ്പോൾ, ഇരുളിലും മരണത്തിൻെറ
നിഴലിലും ഇരിക്കുന്നവർക്കു പ്രകാശം വീശാനും
സമാധാനത്തിൻെറ മാർഗത്തിലേക്ക് നമ്മുടെ
പാദങ്ങളെ നയിക്കാനും വേണ്ടിയത്രെ." (*ലൂക്കാ 1: 78-79*)

എൻെറ സ്വർഗീയ അമ്മേ, പ്രിയപ്പെട്ട കന്യകാമാതാവേ, ഈ ദിനം പൂർണമായും സുവിശേഷ പ്രഘോഷണാത്മകവും ഫലപ്രദവുമാകാൻ എന്നോടൊപ്പം പ്രാർത്ഥിക്കണമെ. ആമേൻ.

# ദേവാലയം സന്ദർശിക്കുമ്പോൾ

*ദിവ്യകൂദാശയിൽ സന്നിഹിതനായിരിക്കുന്ന നമ്മുടെ നാഥനെ ആരാധിക്കാൻ പള്ളിയിൽ പ്രവേശിക്കുമ്പോൾ:*

*അല്ലെങ്കിൽ ദേവാലയത്തിന്റെ മുൻപിലൂടെ കടന്നുപോകുമ്പോൾ ശിരസ്സു നമിച്ചുകൊണ്ട് :*

**"അവർ ഏക മനസ്സോടെ താൽപര്യപൂർവം അനുദിനം ദേവാലയത്തിൽ ഒന്നിച്ചു കൂടുകയും... അവർ ദൈവത്തെ സ്തുതിക്കുകയും എല്ലാ മനുഷ്യരുടെയും സംപ്രീതിക്കു പാത്രമാവുകയും ചെയ്തു. രക്ഷ പ്രാപിക്കുന്നവരെ കർത്താവ് അവരുടെ ഗണത്തിൽ പ്രതിദിനം ചേർത്തുകൊണ്ടിരുന്നു."** *(അപ്പ. പ്രവർത്തനങ്ങൾ 2: 46-47)*

പ്രിയപ്പെട്ട യേശുനാഥാ, അങ്ങ് ആരാധിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യുന്ന വിശുദ്ധസ്ഥലങ്ങളുടെ എണ്ണം ലോകത്തെങ്ങും വർധിപ്പിക്കണമെ. ശാന്തമായ ദേവാലയാന്തരീക്ഷത്തിൽ നിറഞ്ഞു നില്ക്കുന്ന സമാധാനവും പരിശുദ്ധിയും അനുഭവിക്കുവാൻ അനേകം നവക്രൈസ്തവരെ അവിടുന്ന് കൊണ്ടുവരണമെ.

അങ്ങയുടെ കൗദാശിക സാന്നിധ്യത്തിൽ അവരെ സ്പർശിക്കണമെ.

അവരുടെ പ്രാർത്ഥനകൾക്ക് പ്രത്യുത്തരമേകാനും അനുഗ്രഹങ്ങൾ വർഷിക്കാനും വേണ്ടി അവരുടെ സന്ദർശനങ്ങളെ എത്രമാത്രം വാത്സല്യത്തോടെ അങ്ങ് കാത്തിരിക്കുന്നുവെന്ന് അവർക്ക് വെളിപ്പെടുത്തിക്കൊടുക്കണമെ.

അസ്തിത്വത്തിന്റെ മൗലികമായ ലക്ഷ്യം ദൈവാരാധനയാണെന്ന് ഗ്രഹിക്കാൻ മാനവകുലത്തെ സഹായിക്കണമെ.

അങ്ങയെ ആരാധിക്കാൻ മുട്ടുമടക്കുമ്പോഴും അങ്ങയുടെ അനന്തനന്മയെ പ്രകീർത്തിച്ച് ആഹ്ളാദപൂർവം ആലപിക്കുമ്പോഴും ആണ് ഞങ്ങളോടുതന്നെ സത്യസന്ധത പുലർത്തുന്നതെന്നും ഞങ്ങൾ ജീവിത സഫലീകരണത്തിനടുത്തെത്തുന്നതെന്നും ബോധ്യപ്പെടുവാൻ ഞങ്ങളെ സഹായിക്കണമെ.

അങ്ങയെ വിശ്വസ്തതാപൂർവം ആരാധിക്കുന്നവരുടെ എണ്ണം അനുദിനം വർദ്ധിപ്പിക്കണമെ.

സ്തോത്രഗാനങ്ങളാലും പ്രകീർത്തനത്തിൻെറ ശബ്ദത്താലും ഭൂമുഖം മുഖരിതമാക്കുവാൻ ഞങ്ങളെ സഹായിക്കണമെ.

ആരാധനാമുഹൂർത്തങ്ങളിലുളവാകുന്ന സമാധാനത്താൽ
അങ്ങയോടു ചേർന്നിരിക്കുമ്പോൾ ലഭിക്കുന്ന
സന്തോഷത്താൽ, സമാധാനത്താൽ
ഞങ്ങളുടെ ഹൃദയങ്ങളെ ആമഗ്നമാക്കണമെ.

# യാത്രാവേളകൾ

*സ്നേഹിതരെയോ ബന്ധുക്കളെയോ*
*സന്ദർശിക്കാനൊരുങ്ങുമ്പോഴും*
*യാത്ര ചെയ്യുമ്പോഴും*

**"യേശു അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും**
**രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും**
**എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും**
**എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും ചുററിസഞ്ചരിച്ചു.**
**ജനക്കൂട്ടങ്ങളെ കണ്ടപ്പോൾ യേശുവിന്**
**അവരുടെമേൽ അനുകമ്പ തോന്നി. അവർ**
**ഇടയനില്ലാത്ത ആടുകളെപ്പോലെ പരിഭ്രാന്തരും**
**നിസ്സഹായരുമായിരുന്നു. അവൻ ശിഷ്യൻമാരോടു**
**പറഞ്ഞു: വിളവധികം, വേലക്കാരോ ചുരുക്കം.**
**അതിനാൽ, തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ**
**അയയ്ക്കാൻ വിളവിന്റെ**
**നാഥനോടു പ്രാർത്ഥിക്കുവിൻ."** *(മത്തായി 9: 35-38)*

"പോകുമ്പോൾ, സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു പ്രസംഗിക്കുവിൻ." *(മത്തായി 10:7)*

**യേശുനാഥാ, അവിടുന്ന് യൂദയായിലും ഗലീലിയിലും തെരുവുകൾതോറും ചുററിസഞ്ചരിച്ച് മൂന്നുവർഷം ചിലവഴിച്ചു.**
**അങ്ങ് ശിഷ്യന്മാരോട് ഇപ്രകാരം നിർദ്ദേശിച്ചു:**

**"നമുക്ക് അടുത്ത പട്ടണങ്ങളിലേക്കു പോകാം. അവിടെയും എനിക്കു പ്രസംഗിക്കേണ്ടിയിരിക്കുന്നു. അതിനാണ് ഞാൻ വന്നിരിക്കുന്നത്."**
***(മർക്കോസ് 1:38)***

ഞാൻ ഈ യാത്ര പുറപ്പെടുമ്പോൾ, അങ്ങേയ്ക്കുണ്ടായിരുന്ന അനുകമ്പയും പരിഗണനാമനോഭാവവും എൻെറ ഹൃദയത്തിൽ നിക്ഷേപിക്കണമെ. സ്വർഗീയ പിതാവിൻെറ വിളവെടുക്കാൻ അതീവ താല്പര്യമുള്ള ഒരു വേലക്കാരനായി എന്നെ ഉപയോഗിക്കണമെ.

അങ്ങയുടെ യാത്രയിൽ അങ്ങയെ നയിച്ചിരുന്ന തീക്ഷ്ണതയുടെയും ഔത്സുക്യത്തിൻെറയും ഒരംശം ഞാൻ സഞ്ചരിക്കുമ്പോൾ എനിക്കും നൽകണമെ.

മാസഡോണിയയിലേക്ക് സദ്വാർത്തയുമായി പോയ പൗലോസിനെയും സിലാസിനെയും അങ്ങയുടെ പരിശുദ്ധാത്മാവ് നയിച്ചു.

(*അപ്പ. പ്രവ. 16: 6-10*)

രക്ഷ പ്രാപിക്കാനാഗ്രഹിച്ച എത്യോപ്യക്കാരൻെറ പാതയിലേക്ക് പരിശുദ്ധാത്മാവ് പീലിപ്പോസിനെ നയിച്ചു.

(*അപ്പ. പ്രവർത്തനങ്ങൾ 8: 26-27*)

അതേ പരിശുദ്ധാത്മാവ് എനിക്കായി അവസരങ്ങൾ ഒരുക്കുന്നു.
എൻെറ സമീപത്തിരുന്ന് യാത്ര ചെയ്യുന്നവരുടെയും ഞാൻ സന്ദർശിക്കുന്നവരുടെയും ഹൃദയങ്ങളെ മയപ്പെടുത്തുവാൻ ദിവ്യാത്മാവിൻെറ സഹായമാവശ്യമാണ്. അവരുടെ ഹൃദയങ്ങൾക്കാവശ്യമായ ദിവ്യസന്ദേശം വിശ്വസ്തതയോടും നിർഭയത്വത്തോടും കൂടി എൻെറ അധരങ്ങളിൽനിന്ന് നിർഗളിക്കുമെന്ന് അവിടുന്ന് ഉറപ്പുവരുത്തണമെ.

> ഭയത്താലും നിരുത്സാഹപ്പെടുത്തലുകളാലും നിരാശയാലും തളർന്നവരെ ഞാൻ സംവഹിക്കുന്നതായ സുവിശേഷത്തിലൂടെ, യേശ്വാനുഭവത്തിൻെറ പച്ചയായ പുൽത്തകിടികളിലേക്കും സ്വച്ഛമായ ജലാശയങ്ങളിലേക്കും ആനയിക്കണമെ.

അവരുടെ പാനപാത്രങ്ങളും കവിഞ്ഞൊഴുകട്ടെ.

സുവിശേഷപ്രചരണത്തിനായി, സ്വന്തം നാടുവിട്ട് വിദേശനാടുകളിൽ, അന്യ സംസ്ഥാനങ്ങളിൽ കഴിയുന്നവർക്കുവേണ്ടി ഞാൻ പ്രത്യേകം പ്രാർത്ഥിക്കുന്നു.
അപകടങ്ങളെയും മരണത്തെപ്പോലും അഭിമുഖീകരിച്ചുകൊണ്ട് അന്യമായ സംസ്ക്കാരങ്ങളുടെ നടുവിൽ സധൈര്യം ദൗത്യനിർവഹണത്തിലേർപ്പെട്ടിരിക്കുന്നവരെ അങ്ങ് സംരക്ഷിക്കണമെ.

ക്രൈസ്തവ രാജ്യങ്ങൾ സന്ദർശിക്കുന്ന അക്രൈസ്തവർക്ക് തങ്ങൾ കണ്ടുമുട്ടുന്ന കത്തോലിക്കരിൽനിന്ന് ദിവ്യാത്മാവിൻെറ സ്നേഹാർദ്രമായ ചൈതന്യം അനുഭവവേദ്യമാകട്ടെ.

പുറംനാടുകൾ സന്ദർശിക്കുന്ന കത്തോലിക്കാവിനോദ സഞ്ചാരികൾ വചനം സംവഹിക്കുന്നവരാകട്ടെ.

തങ്ങൾ സന്ദർശിച്ചതായ വിനോദസഞ്ചാരകേന്ദ്രങ്ങളുടെയോ, തങ്ങൾ നിർവഹിച്ചതായ ജോലികളുടെയോ സ്മരണികകൾക്കു പകരം അങ്ങ് ചെയ്ത എല്ലാററിൻെറയും സ്മരണകൾ സ്വദേശത്തേക്കു കൊണ്ടുവരുവാൻ അവരെ സഹായിക്കണമെ.

ഭൂഗോള വ്യാപകമായ ജനങ്ങളുടെ സഞ്ചാരം, വീശുന്നിടത്തെല്ലാം
വിശ്വാസ ത്തിൻെറ വിത്തുപാകുന്ന
പരിശുദ്ധാത്മാവിൻെറ കുളിർത്തെന്നലുപോലെ യാകട്ടെ.

# വിശുദ്ധ ലിഖിതങ്ങൾ വായിക്കുമ്പോൾ

*സമാശ്വാസം പകരുന്ന ദൈവികവെളിപാടിൻെറ ഗ്രന്ഥം കൈയിലെടുത്ത്, ദൈവത്തിൻെറ തന്നെ വാക്കുകൾ ഞാൻ വായിക്കുമ്പോൾ:*

**"മോശ തുടങ്ങി എല്ലാ പ്രവാചകൻമാരും വിശുദ്ധലിഖിതങ്ങളിൽ തന്നെപ്പററി എഴുതിയിരുന്നവയെല്ലാം അവൻ അവർക്ക് വ്യാഖ്യാനിച്ചു കൊടുത്തു... അവർ പരസ്പരം പറഞ്ഞു: വഴിയിൽവച്ച് അവൻ വിശുദ്ധ ലിഖിതം വിശദീകരിച്ചുകൊണ്ട് നമ്മോട് സംസാരിച്ചപ്പോൾ നമ്മുടെ ഹൃദയം ജ്വലിച്ചിരുന്നില്ലേ?"**

(*ലൂക്കാ 24 : 27 ,32*)

**"എഴുതപ്പെട്ടവയെല്ലാം നമ്മുടെ പ്രബോധനത്തിനുവേണ്ടിയാണ്...സ്ഥൈര്യത്തിലും വിശുദ്ധ ലിഖിതങ്ങളിൽനിന്നു ലഭിക്കുന്ന സമാശ്വാസത്തിലും നമുക്കു പ്രത്യാശയുളവാക്കുവാൻ വേണ്ടി..."**

(*റോമാ 15:4*)

യേശുവേ, അവിടുന്നാണ് ദൈവവചനം.
പിതാവ് നൽകിയ ജീവനുള്ള സന്ദേശമാണ് അവിടുന്ന്.

വിശുദ്ധലിഖിതങ്ങൾ വായിക്കുമ്പോൾ ദൈവത്തിൻെറ ഓരോ മകനും മകളും എപ്രകാരം ജീവിക്കണമെന്നും സ്നേഹിക്കണമെന്നും ഒരുദിനം മരിക്കണ മെന്നും അവിടുന്ന് മാതൃകയിലൂടെയും പ്രബോധനങ്ങളിലൂടെയും എന്നോട് പ്രഘോഷിക്കുന്നു. ഈ വചനം പഠിക്കുകയും ജീവിക്കുകയും ചെയ്യുമ്പോൾ മാത്രമെ യഥാർത്ഥ സന്തോഷവും സമാധാനവും എനിക്ക് കരഗതമാകൂ.

എല്ലാക്കാര്യങ്ങളിലും എന്നെ പഠിപ്പിക്കാനും അവിടുന്ന് പറഞ്ഞിട്ടുള്ളതും ചെയ്തിട്ടുള്ളതുമായ എല്ലാം എന്നെ അനുസ്മരിപ്പിക്കാനും (*യോഹന്നാൻ14:26*) പരിശുദ്ധാത്മാവിനെ അയയ്ക്കുമെന്ന വാഗ്ദാനം അവിടുന്ന് നിറവേററണമെ.

എല്ലാ കത്തോലിക്കർക്കും വിശുദ്ധ ഗ്രന്ഥത്തെക്കുറിച്ച് അറിവും വചനത്തോട് മമതയും സ്നേഹവും നൽകണമെ. തന്മൂലം, പ്രഥമ ഉപക

രണവും 'സുവിശേഷവത്കരണത്തിൻെറ ആത്മാവും' എന്ന നിലയിൽ വചനം ഫലപ്രദമായി ഉപയോഗിക്കാൻ കഴിയട്ടെ.

എൻെറ കൈയിൽ ഏന്തിയിരിക്കുന്ന ഈ അമൂല്യവചസ്സുകൾ എൻെറ ഹൃദയത്തിൽ മാത്രമല്ല, എല്ലാ ജനങ്ങളുടെ ഹൃദയത്തിലും മനസ്സിലും സജീവ മാകുവാൻ സഹായമരുളണമെ.

പ്രത്യേകിച്ച് ദിവ്യവചനം നിരോധിക്കപ്പെട്ടിട്ടുള്ള രാജ്യങ്ങളിലും മാതൃ ഭാഷയിൽ ജനങ്ങൾക്കു ലഭ്യമല്ലാത്തിടങ്ങളിലും ഇത് യാഥാർത്ഥ്യമാകണമെ.

വായിക്കുവാൻ പഠിച്ചിട്ടില്ലാത്തവർക്ക് വചനം നൽകുവാൻ എന്നെ സഹായിക്കണമെ.

സന്തോഷവും ജീവിതസാഫല്യവും കൈവരിക്കുവാൻ മാനുഷിക വിജ്ഞാനം മതി എന്ന് തീർപ്പ് കല്പിക്കുവാൻമാത്രം വായിക്കുകയും പഠിക്കുകയും ചെയ്തിട്ടുള്ളവർക്കും ദൈവവചനം പകർന്നു നൽകാൻ എന്നെ ശക്തിപ്പെടുത്തണമെ.

എല്ലാ വൈദികരുടെയും അധരങ്ങളിലും സ്വരത്തിലും അവിടുത്തെ വചനത്തിൻെറ ശക്തി പകരണമെ.

ലോകത്തെമ്പാടുമുള്ള കത്തോലിക്കാ പ്രബോധനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കണമെ.

അങ്ങയുടെ പ്രബോധനം ജനങ്ങളെ വിസ്മയഭരിതരാക്കിയതുപോലെ (*മർക്കോസ് 1:22*) അതേ വിശുദ്ധിയോടും അധികാരത്തോടുംകൂടി സുവിശേഷം ഇന്നും പ്രഘോഷിക്കപ്പെടട്ടെ.

> യേശുക്രിസ്തുവേ, മനുഷ്യകുലത്തിനു മുഴുവൻ അവിടുന്ന് പിതാവിനെ മഹത്ത്വപ്പെടുത്തുന്ന വചനമായിരിക്കണമെ.
> അങ്ങയുടെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും പിതാവിനെ ഞങ്ങൾക്ക് വെളിപ്പെടുത്തിത്തരണമെ.

# ഭക്ഷണ സമയം

*എൻെറ കുടുംബത്തിന്*
*എനിക്കു ലഭിച്ച ഭക്ഷണത്തിന്*
*എൻെറ ഭവനത്തിന്*
*അവിടുത്തെ സവിശേഷമായ സ്നേഹത്തിൻെറ*
*ഓരോ അടയാളത്തിന്*
*ഞാൻ നന്ദി പറയുമ്പോൾ.*

**"യേശു ശിഷ്യന്മാരെ വിളിച്ചുപറഞ്ഞു: ഈ ജനക്കൂട്ടത്തോട് എനിക്ക് അനുകമ്പ തോന്നുന്നു. മൂന്നുദിവസമായി അവർ എന്നോടുകൂടെയാണ്. അവർക്കു ഭക്ഷിക്കാൻ യാതൊന്നുമില്ല. വഴിയിൽ അവർ തളർന്നുവീഴാനിടയുള്ളതിനാൽ ആഹാരം നല്കാതെ അവരെ പറഞ്ഞയയ്ക്കാൻ എനിക്കു മനസ്സ് വരുന്നില്ല...**
**അവൻ ഏഴപ്പവും മത്സ്യവും എടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്ത്, മുറിച്ച് ശിഷ്യരെ ഏല്പിച്ചു. ശിഷ്യൻമാർ അത് ജനക്കൂട്ടങ്ങൾക്കു വിളമ്പി. അവർ ഭക്ഷിച്ചു തൃപ്തരായി."**

*(മത്തായി 15: 32,36-37)*

**"യേശു അവരോടു ചോദിച്ചു: കുഞ്ഞുങ്ങളേ, നിങ്ങളുടെ അടുക്കൽ മീൻ വല്ലതുമുണ്ടോ? ഇല്ല എന്ന് അവർ ഉത്തരം പറഞ്ഞു. അവൻ പറഞ്ഞു വള്ളത്തിൻെറ വലത്തുവശത്തു വലയിടുക. അപ്പോൾ നിങ്ങൾക്കു കിട്ടും. അവർ വലയിട്ടു. അപ്പോൾ വലയിലകപ്പെട്ട മത്സ്യത്തിൻെറ ആധിക്യംമൂലം അതു വലിച്ചു കയററാൻ അവർക്കു കഴിഞ്ഞില്ല... കരയ്ക്കിറങ്ങിയപ്പോൾ തീ കൂട്ടിയിരിക്കുന്നതും അതിൽ മീൻ വച്ചിരിക്കുന്നതും അപ്പവും അവർ കണ്ടു... യേശു പറഞ്ഞു: വന്നു പ്രാതൽ കഴിക്കുവിൻ...യേശു വന്ന് അപ്പമെടുത്ത് അവർക്കു കൊടുത്തു."** *(യോഹന്നാൻ 21: 5-13)*

**യേശുവേ, അവിടുന്നാണ് എല്ലാ വിശപ്പിനും അറുതി വരുത്തുന്ന ഭക്ഷണവും, എല്ലാ ദാഹവും ശമിപ്പിക്കുന്ന പാനീയവും.**

*(യോഹന്നാൻ 6:35)*

നിത്യജീവൻെറ ഈ അപ്പം മററുള്ളവരുമായി പങ്കുവയ്ക്കാൻ എന്നെ സഹായിക്കണമെ.

തികച്ചും സ്വാർത്ഥപരവും ഭൗതികവുമായ വ്യഗ്രതകളാൽ വരണ്ടുണങ്ങിയ ഹൃദയങ്ങളെ അവിടുത്തെ ജീവജലത്തിൻെറ നീരുറവയിൽനിന്നു നനയ്ക്കുവാനും മയപ്പെടുത്താനും എന്നെ സഹായിക്കണമെ.

അങ്ങേയ്ക്കുണ്ടായിരുന്ന ഉദാരമനസ്ക്കത ഞങ്ങളുടെ കുടുംബത്തിനും നൽകണമെ.

ഞങ്ങളുടെ പരിപോഷണത്തിന് അവിടുന്നേകുന്ന അപ്പം മററുള്ളവരുമായി പങ്കുവച്ചുകൊണ്ട് അങ്ങയുടെ സ്നേഹത്തിന് സാക്ഷ്യം വഹിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

ആത്മീയ തലത്തിലും ഭൗമികതലത്തിലും പങ്കുവയ്ക്കണമെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു.

അങ്ങയുടെ നന്മകളാൽ ഒട്ടനവധി വിധത്തിൽ ഞങ്ങളുടെ കുടുംബങ്ങളെ അനുഗ്രഹിച്ചിട്ടുണ്ട്.

ഞങ്ങൾക്കുള്ളത് പങ്കുവെച്ചുകൊണ്ടും "എല്ലാ നന്മകളുടെയും സ്രോതസ്സായ" യേശുവിനെക്കുറിച്ച് സംസാരിച്ചുകൊണ്ടും മററുള്ളവരിലേക്ക് നന്മ സംവഹിക്കുവാൻ ഞങ്ങളെ ശക്തരാക്കണമെ.

ഞങ്ങളുടെ ഇഷ്ടത്തിനനുസരിച്ച ഭക്ഷണം കിട്ടിയില്ല എന്ന് ഉച്ചത്തിൽ പരാതി പറഞ്ഞ നിമിഷങ്ങളെ ഓർത്ത് ഞങ്ങൾ മാപ്പു ചോദിക്കുന്നു.

ഒരു നേരത്തെ ഭക്ഷണംപോലും ലഭിക്കാത്ത പതിനായിരങ്ങളെ, പ്രത്യേകിച്ച് പിഞ്ചുകുഞ്ഞുങ്ങളെ, ഓർക്കുവാൻ ഞങ്ങളെ സഹായിക്കണമെ.

ഒന്നുമില്ലാത്തവരുമായി ബലിയർപ്പണത്തിൻെറ തലംവരെ പങ്കുവയ്ക്കുവാൻ, സമൃദ്ധിയനുഭവിക്കുന്നവരെ സ്പർശിക്കണമെ.
അവിടുന്ന് അയ്യായിരങ്ങളെ സംതൃപ്തരാക്കുവാൻ അപ്പവും മത്സ്യവും വർദ്ധിപ്പിച്ചു.

വിശക്കുന്നവരെ തീററിപ്പോററാനും അതോടൊപ്പം ക്രിസ്തീയ സ്നേഹമെന്ന അത്ഭുതത്താൽ അവരെ പഠിപ്പിക്കാനും പ്രചോദിപ്പിക്കാനും ഞങ്ങളുടെ

മാനുഷിക ഔദാര്യതയെ വർദ്ധിപ്പിക്കണമെ.

സഭയിലെമ്പാടുമുള്ള ശിഷ്യഗണത്തോട് തങ്ങളുടെ വലകൾ വീശുവാൻ അവിടുന്ന് കല്പിക്കണമെ.

അളവില്ലാത്തവണ്ണം വലയിൽ ലഭിക്കുവാൻ ഇടയാക്കണമെ.

അങ്ങ് സജ്ജമാക്കിയിരിക്കുന്ന വിരുന്ന് ആസ്വദിക്കുവാൻ ഒത്തുകൂടുന്നവരോടൊപ്പം അനേകായിരങ്ങളും കൂട്ടിച്ചേർക്കപ്പെടട്ടെ.

# ത്രികാല ജപം

*പള്ളിമണിനാദം കേൾക്കുമ്പോൾ*

**"ആറാം മാസം ഗബ്രിയേൽ ദൂതൻ...ദൈവത്താൽ അയയ്ക്കപ്പെട്ടു. അവളുടെ പേര് മറിയം എന്നായിരുന്നു. ദൂതൻ അവളുടെ അടുത്തുവന്നു പറഞ്ഞു: ദൈവകൃപ നിറഞ്ഞവളേ! സ്വസ്തി, കർത്താവ് നിന്നോടുകൂടെ...നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നു പേരിടണം... മറിയം പറഞ്ഞു: ഇതാ കർത്താവിൻെറ ദാസി! നിൻെറ വാക്ക് എന്നിൽ നിറവേറട്ടെ."**

***(ലൂക്കാ 1: 26-38)***

**"വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു."**

***(യോഹന്നാൻ 1:14)***

**മാധുര്യമേറിയ പരിശുദ്ധ കന്യകാമറിയമേ, ദൈവദൂതൻ അങ്ങയുടെ നാമം വിളിച്ചപ്പോൾ, അത് ശ്രവിക്കുവാനും വിശ്വസിക്കുവാനും അനുസരിക്കുവാനും അവിടുന്ന് ഒരുക്കമായിരുന്നു.**
**രക്ഷിക്കപ്പെടുവാൻ നിർണയിക്കപ്പെട്ടിട്ടുള്ള പതിനായിരക്കണക്കായ വ്യക്തികളെ പേര് ചൊല്ലിവിളിക്കുവാൻ ദൈവം തൻെറ ദൂതരെ — മനുഷ്യരെയോ, മാലാഖമാരെയോ — അയയ്ക്കാതെ ഒരു ദിവസവും കടന്നുപോകുന്നില്ല.**

**ദൈവമാതാവും തിരുസഭയുടെ അമ്മയുമായ മറിയമെ അവിടുന്ന് ഞങ്ങൾക്കുവേണ്ടിയും ഞങ്ങളോടൊപ്പവും മാധ്യസ്ഥ്യം വഹിക്കണമെ.**

**ഈ വിളി കേൾക്കുന്ന ഓരോ വ്യക്തിയും ദൈവസ്വരം ഇതിൽ ശ്രവിക്കട്ടെ; അങ്ങയെപ്പോലെ ശ്രവിക്കുന്നതിനും, വിശ്വസിക്കുന്നതിനും അനുസരിക്കുന്നതിനും ഒരുക്കമുള്ളവരായി കാണപ്പെടട്ടെ.**

**വചനം, അങ്ങയുടെ തിരുക്കുമാരനായി അവതീർണനായതുപോലെ, എല്ലായിടത്തുമുള്ള നല്ല വ്യക്തികളുടെ ഹൃദയങ്ങളിൽ അവതീർണനാകട്ടെ.**

യേശു നമ്മുടെയിടയിൽ സത്യമായും വസിക്കുന്നുവെന്ന് അവരും അനുഭവിച്ചറിയുവാൻ ഇടയാവട്ടെ.

അങ്ങയുടെ അനുഗൃഹീതമായ ഉദരംപോലെ ലോകം മുഴുവനും അരുമ സുതൻെറ സാന്നിദ്ധ്യത്താൽ നിറയട്ടെ.

സർവലോകവും പൂർണമായും ദൈവത്തിൻേറതുമാത്രമാകട്ടെ.

# കുടുംബ പ്രാർത്ഥന

*ഹൃദയങ്ങളുടെയും കുടുംബത്തിൻെറയും നാഥനായ യേശുവിൻെറ സവിധത്തിൽ*
*കുടുംബാംഗങ്ങൾ ഒന്നാകെ താഴ്മയോടെ നില്ക്കുമ്പോൾ.*

> **"പിന്നെ അവൻ അവരോടൊപ്പം (മറിയത്തോടും ജോസഫിനോടും) പുറപ്പെട്ട് നസറത്തിൽവന്ന് അവർക്കു വിധേയനായി ജീവിച്ചു. അവൻെറ അമ്മ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു. യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിൻെറയും മനുഷ്യ രുടെയും പ്രീതിയിലും വളർന്നുവന്നു."** *(ലൂക്കാ 2: 51-52)*

**യേശുനാഥാ, ഈ കുടുംബം അങ്ങയുടെ തിരുഹൃദയത്തിന് ഞങ്ങൾ പ്രതിഷ്ഠിച്ചിരിക്കുന്നു. വ്യക്തിതലത്തിലും കുടുംബമെന്ന നിലയിലും അവിടുന്ന് ഞങ്ങളെ ഭരിക്കണമെ.**

**മററുള്ളവരുടെ ഹൃദയങ്ങളിലും കുടുംബങ്ങളിലും അങ്ങയെ നാഥനും രക്ഷകനുമായി പകർന്നു കൊടുക്കുവാൻ പരിശുദ്ധാത്മാവിനാൽ ശക്ത മാക്കപ്പെട്ട ഒരു സുവിശേഷകരുടെ കൂട്ടായ്മയായി ഞങ്ങളെ രൂപാന്തര പ്പെടുത്തണമെ.**

**സ്വർഗീയപിതാവിൻെറ രാജ്യം ഞങ്ങളുടെയിടയിൽ സ്ഥാപിക്കണമെ. സ്വർഗരാജ്യത്തിലെ പൗരന്മാരായിരിക്കുക എത്ര അത്ഭുതകരമാണെന്ന്, തന്മൂലം ഉളവാകുന്ന സമാധാനവും സന്തോഷവും മററു ദമ്പതിമാരോട് ഞങ്ങൾ പ്രഘോഷിക്കട്ടെ.**

**ഞങ്ങളുടെ ജീവിതത്തിലേക്ക് അവിടുന്നു പകർന്ന നിസ്വാർത്ഥതയും സ്നേഹവും മററു കുടുംബങ്ങൾക്കും അങ്ങയുടെ ഭരണത്തിൻ കീഴിലേക്ക് വരുവാനുള്ള താല്പര്യം ഉണർത്തണമെ.**

**അവിടുന്ന്മാത്രം രാജാവും നാഥനുമായിരിക്കുന്ന ഇടങ്ങളിലെല്ലാം പരിശുദ്ധാത്മാവ്, ക്ഷമ, സഹിഷ്ണുത, സ്നേഹം എന്നീ ദാനങ്ങളിലൂടെ**

കുടുംബപ്രശ്നങ്ങൾക്ക് പരിഹാരമേകുന്നു എന്ന് അവർക്കു കാട്ടിക്കൊടുക്കണമെ.

ഈ വരദാനങ്ങൾ വിഭാഗീയതയ്ക്ക് വിരാമമിടുകയും
മുറിവുകൾ സുഖപ്പെടുത്തുകയും ചെയ്യുന്നു.

ഞങ്ങളിൽ ഇനിയും അവശേഷിച്ചിരിക്കുന്ന ഹൃദയകാഠിന്യം എടുത്തു മാററണമെ. മുറിവേല്ക്കുമ്പോഴെല്ലാം അങ്ങയെ അനുകരിച്ചുകൊണ്ട് "പിതാവേ, അവരോട് ക്ഷമിക്കണമെ; അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല" (*ലൂക്കാ 23: 34, എസക്കിയേൽ 11:19*) എന്ന് ശാന്തമായി പ്രാർത്ഥിക്കാൻ ഞങ്ങൾക്ക് കഴിയട്ടെ.

ഞങ്ങളുടെ മക്കൾ ജ്ഞാനത്തിലും പ്രായത്തിലും
ദൈവത്തിൻെറയും മനുഷ്യരുടെയും പ്രീതിയിലും
വളർന്നുവരുവാൻ സഹായിക്കണമെ.

ഇപ്രകാരം അങ്ങയുടെ ജ്ഞാനവും മൂല്യങ്ങളും സഹപാഠികൾക്കും സുഹൃത്തുക്കൾക്കും പകർന്നു നൽകാൻ അവരെ പ്രാപ്തരാക്കണമെ.

കുടുംബപ്രാർത്ഥനയുടെ യഥാർത്ഥ ചൈതന്യത്തിലൂടെ ഞങ്ങളുടെ ഭവനത്തെ അങ്ങയുടെ ദിവ്യസാന്നിധ്യത്താൽ നിറയ്ക്കണമെ.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, ഞങ്ങളുടെ ഹൃദയങ്ങളെ നിങ്ങളുടെ വാസസ്ഥലമാക്കിക്കൊണ്ട് (*യോഹന്നാൻ 14:23*) ഞങ്ങളുടെ ഭവനത്തെ ഒരു ചെറുസ്വർഗമാക്കി മാററണമെ.

ഞങ്ങളുടെ ഭവനം സന്ദർശിക്കുന്നവർക്ക് അങ്ങയെ കണ്ടെത്തിയാലുള്ള ആഹ്ലാദവും അനുഭൂതിയും അനുഭവവേദ്യമാകട്ടെ.



DVK Library
Bangalore - 29

# ദിവ്യബലി അർപ്പിക്കുമ്പോൾ

*നാം ദൈവത്തോട് ചേർന്നിരിക്കുന്നു എന്ന ബോധ്യത്തിലായിരിക്കുന്ന സവിശേഷവേളകളിൽ*

"കർത്താവിൽനിന്ന് എനിക്കു ലഭിച്ചതും ഞാൻ നിങ്ങളെ ഭരമേല്പിച്ചതുമായ കാര്യം ഇതാണ്: കർത്താവായ യേശു, താൻ ഒററിക്കൊടുക്കപ്പെട്ട രാത്രിയിൽ, അപ്പമെടുത്ത്, കൃതജ്ഞതയർപ്പിച്ചതിനുശേഷം അതു മുറിച്ചുകൊണ്ട് അരുളിച്ചെയ്തു: ഇത്, നിങ്ങൾക്കുവേണ്ടിയുള്ള എൻെറ ശരീരമാണ്. എൻെറ ഓർമയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ. അപ്രകാരംതന്നെ... പാനപാത്രമെടുത്ത് അരുളിച്ചെയ്തു. ഇത് എൻെറ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്; നിങ്ങൾ ഇതു പാനംചെയ്യുമ്പോഴെല്ലാം എൻെറ ഓർമയ്ക്കായി ചെയ്യുവിൻ. നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽ നിന്ന് പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിൻെറ മരണം, അവൻെറ പ്രത്യാഗമനംവരെ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്."

(*1 കൊറിന്തോസ് 11: 23-26*)

"ഞാനാണ് ജീവൻെറ അപ്പം...ഇതു ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും." (*യോഹന്നാൻ 6: 35, 58*)

"എൻെറ ശരീരം യഥാർത്ഥഭക്ഷണവും എൻെറ രക്തം യഥാർത്ഥ പാനീയവുമാണ്" (*യോഹന്നാൻ 6:55*) എന്ന് വിശദീകരിച്ചുകൊണ്ട് അങ്ങ് ഈ വാക്കുകൾ ആദ്യമായി ഉച്ചരിച്ചപ്പോൾ "ഈ വചനം കഠിനമാണ്, ഇതു ശ്രവിക്കാൻ ആർക്കു കഴിയും." (*യോഹന്നാൻ 6:60*) എന്ന് പിറുപിറുത്തുകൊണ്ട് അങ്ങയുടെ ശ്രോതാക്കളിൽ പലരും അങ്ങയെ വിട്ടുപോയി.

ജീവദായകമായ ഭക്ഷണവും പാനീയവുമായി അങ്ങയെ സ്വീകരിക്കുവാൻ തയ്യാറുള്ളവർക്കെല്ലാം ആത്മദാനം ചെയ്യുന്നതിൽ അങ്ങ് അന്നും ഇന്നും ഒരുപോലെ പ്രതിബദ്ധനാണ്.



DVK Library
Bangalore

ഈ ദിവ്യഭോജനത്തെക്കുറിച്ച് പലർക്കും ഒന്നുമറിയില്ല. അതല്ലെങ്കിൽ ഇതിനെ നിർമമതത്തോടും ചിലപ്പോൾ ഔദ്ധത്യത്തോടും കൂടി വീക്ഷിക്കുന്നു.

തങ്ങളുടെ വയർ നിറയ്ക്കുന്ന ഭക്ഷണത്തിനും പാനീയത്തിനും വേണ്ടിയാണ് അവർ വിശക്കുന്നതും ദാഹിക്കുന്നതും.

സാകല്യമായ സ്വയം സമർപ്പണത്തിലൂടെ അവിടുന്ന് ഏകുന്ന സ്വർഗ്ഗീയ മന്നയും പുതുവീഞ്ഞും നുകരാൻ അവരെ ഉദ്ബോധിപ്പിക്കുന്നതിന് അനുയോജ്യമായ വാക്കുകൾ ഞങ്ങൾക്കു നല്കണമെ.

ദിവ്യബലിയിലെ പ്രാർത്ഥനകളിൽ സ്വരമുയർത്തുന്നവരുടെ എണ്ണം പതിന്മടങ്ങായി വർദ്ധിപ്പിക്കണമെ.

സ്വർഗ്ഗീയപിതാവിന് യേശുവിൻെറ ഭൗതികശരീരത്തിൻെറ പരിപൂർണ്ണ സമർപ്പണമായിത്തീരുന്നതിന് ക്രിസ്തുവുമായി അനുരൂപരാകുന്നതിനുള്ള നവമായ ഹൃദയവിശാലത ഞങ്ങൾക്കേകണമെ.

ഞങ്ങളുടെ ഹൃദയങ്ങളെ സ്നേഹത്താൽ പിളർക്കണമെ.

ഞങ്ങളുടെ സ്വേച്ഛയെ തകർക്കണമെ.

സ്വാർത്ഥ താല്പര്യങ്ങളെ വിട്ടുപേക്ഷിക്കാൻ ഞങ്ങളെ പ്രാപ്തരാക്കണമെ. ക്രിസ്തുവിനെപ്പോലെ, മററുള്ളവർക്ക് സമ്പൂർണ്ണ ശുശ്രൂഷയായി സമർപ്പിക്കുവാൻ ഞങ്ങളെ സ്വതന്ത്രരാക്കണമെ.

ഇപ്രകാരം അങ്ങയുടെ ഓർമ്മയ്ക്കായി "ഇതു ചെയ്യുവിൻ" എന്നതിൻെറ പൊരുൾ ഞങ്ങളെ പഠിപ്പിക്കണമെ.

സാർവത്രികസഭ മുഴുവൻ —നമ്മുടെ മാർപ്പാപ്പ, മെത്രാന്മാർ, വൈദികർ, സന്യാസി, സന്യാസിനികൾ ലോകത്തെമ്പാടുമുള്ള അത്മായർ, യുവജനങ്ങൾ, ബാലികാബാലന്മാർ, മാനവരാശിയൊന്നാകെ — വിശ്വാസികളും വിശ്വസിക്കാൻ സഹായമാവശ്യമുള്ളവരും —സ്നേഹവായ്പോടെ ഒരു ഹൃദയമെന്ന വികാരം ഹൃദയത്തിൽ സൂക്ഷിക്കാൻ അങ്ങ് ഞങ്ങളെ ശക്തരാക്കണമെ.

യേശുനാഥാ, ലോകത്തെങ്ങുമുള്ള ദേവാലയങ്ങൾ
ഭക്തജനങ്ങളാൽ നിറയ്ക്കണമെ.

തന്റെ തിരുനാമമഹത്ത്വത്തിനായി ഞങ്ങളിലും ഇന്നത്തെ ലോകത്തിലും അവിടുത്തെ ഇംഗിതത്തിനനുസൃതമായ ഒരു വിശുദ്ധ ജനതയെ സ്വർഗീയ പിതാവ് ദർശിക്കട്ടെ.

# വ്യക്തിപരമായ പ്രാർത്ഥനാവേളയിൽ

*നിശബ്ദതയുടെ നിമിഷങ്ങളിൽ*
*ഞാൻ തനിയെ ദൈവത്തോടൊത്ത്*

**"നീ പ്രാർത്ഥിക്കുമ്പോൾ, നിൻെറ മുറിയിൽ കടന്ന് കതകടച്ച്, രഹസ്യമായി നിൻെറ പിതാവിനോട് പ്രാർത്ഥിക്കുക."**

(*മത്തായി 6:6*)

**"പത്രോസ് പ്രാർത്ഥിക്കാൻ മട്ടുപ്പാവിലേക്ക് പോവുകയായിരുന്നു. ഏകദേശം ആറാംമണിക്കൂറായിരുന്നു... ആത്മാവ് അവനോട് പറഞ്ഞു: ഇതാ, മൂന്നുപേർ നിന്നെ അന്വേഷിക്കുന്നു. എഴുന്നേററ് താഴേക്ക് ചെല്ലുക; ഒന്നും സംശയിക്കാതെ അവരോടൊപ്പം പോവുക എന്തെന്നാൽ ഞാനാണ് അവരെ അയച്ചിരിക്കുന്നത്."**

(*അപ്പ. പ്രവർത്തനങ്ങൾ 10:9, 19:20*)

**നാഥനായ കർത്താവേ, ഞാൻ എത്രമാത്രം അശക്തനും സ്വാർത്ഥ തല്പരനുമാണെന്ന് അവിടുന്ന് അറിയുന്നു.**

**എന്നെ വീണ്ടെടുക്കാൻ അവിടുത്തെ അരുമസുതനെ അയച്ചില്ലായിരുന്നു വെങ്കിൽ ഞാൻ എന്താകുമായിരുന്നു? എത്രയെത്ര ആളുകളെ ഞാൻ നശിപ്പിക്കുമായിരുന്നു?**

**നീതിയുടെ പാതയിലൂടെ അവിടുന്നെന്നെ മേയിച്ചു. അവിടുത്തെ അനന്യമായ സഹിഷ്ണുതകൊണ്ട് എന്നെ സജീവമായ വിശുദ്ധിയിലേക്ക് അതായത് "ജീവൻെറ സമൃദ്ധി"യിലേക്ക് (*യോഹന്നാൻ 10:10*) നയിക്കുന്നു.**

**അവിടുത്തെ വാത്സല്യത്തിലും കരുണയിലും ഒളിഞ്ഞിരിക്കുന്ന നിധി (*മത്തായി 13: 44-46*), വിലയേറിയ രത്നം ഞാൻ കണ്ടെത്തിയിരിക്കുന്നു.**

**ഇത്തരം അമൂല്യമായ അനുഗ്രഹങ്ങൾ**
**പങ്കുവയ്ക്കാതിരിക്കാൻ എനിക്കാവില്ല.**

സ്വർഗീയപിതാവേ, യേശുവിൻെറ വാഗ്ദാനത്തിന്
അനുസൃതമാംവിധം എന്നെ ലോകത്തിൻെറ അതിർത്തികൾ
വരെയും അവിടുത്തെ സാക്ഷിയാക്കുന്ന (*അപ്പ. പ്രവ. 1:8*)
പരിശുദ്ധാത്മാവിനെ എന്നിലേക്ക് വർഷിക്കണമെ.

അവിടുത്തെ തിരുവിഷ്ടം നിറവേററുന്നതിന് പത്രോസിനെയും പൗലോസിനെയും തിരഞ്ഞെടുക്കപ്പെട്ട ദാസരെയും അവിടുന്ന് നയിച്ചതുപോലെ, പ്രാർത്ഥനയിലൂടെ എന്നെയും നയിക്കണമെ.

അവരെപ്പോലെ ഭൂമിയുടെ ഉപ്പും ലോകത്തിൻെറ പ്രകാശവുമായിരിക്കുവാൻ (*മത്തായി 5: 13-14*) വേണ്ടുന്ന ധൈര്യവും ഔത്സുക്യവും വിശ്വാസവും സ്നേഹവും എനിക്കു പ്രദാനം ചെയ്യണമെ.

എന്നെയും മനുഷ്യരെ പിടിക്കുന്നവനും (*മത്തായി 4:19*) ആത്മാക്കളുടെ വിളവെടുക്കുന്നവനും (*മത്തായി 9:38*) എല്ലാ ജനതകൾക്കും എല്ലാ സൃഷ്ടികൾക്കും സദ്വാർത്ത (*മത്തായി 28:19*) ഏറെ സന്തോഷത്തോടെ നൽകുന്ന സുവിശേഷകനുമായി മാറേറണമെ.

ഇതെല്ലാം നിർവഹിക്കുന്നതിന്, അങ്ങയുടെ രക്ഷാകരവും സൗഖ്യദായകവുമായ സ്പർശം ആവശ്യമായ പലതും എന്നിലവശേഷിക്കുന്നു.

എൻെറ തെററായ പ്രവൃത്തികളെക്കുറിച്ച് എൻെറ ഹൃദയത്തോട് സംസാരിക്കണമെ.

കൂടുതൽ ഉദാരതയോടും ഏറെ സമർപ്പണത്തോടുംകൂടി ഞാൻ ചെയ്യേണ്ടുന്നവ എനിക്ക് കാണിച്ചുതരണമെ.

കർത്താവേ സംസാരിക്കണമെ
ഈ നിശബ്ദതയിൽ അവിടുത്തെ ദാസൻ
ശ്രവിക്കുന്നു.

# പ്രലോഭന വേളകളിൽ

*പോരാട്ടത്തിനിടയിൽ*

*വ്യക്തിപരമായ ദൗർബല്യങ്ങളുടെ*
*യാഥാർത്ഥ്യത്തെ നേരിടുമ്പോൾ*

**"യേശു..കമിഴ്ന്നു വീണു പ്രാർത്ഥിച്ചു..........**

**അപ്പോൾ അവർ (അവന്റെ ശിഷ്യൻമാർ) ഉറങ്ങുന്നതു കണ്ടു. അവൻ പത്രോസിനോട് ചോദിച്ചു: എന്നോടുകൂടെ ഒരു മണിക്കൂർ ഉണർന്നിരിക്കാൻ നിങ്ങൾക്കു കഴിഞ്ഞില്ലേ? പ്രലോഭനത്തിൽ അകപ്പെടാതിരിക്കാൻ നിങ്ങൾ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ. ആത്മാവ് സന്നദ്ധമെങ്കിലും ശരീരം ദുർബലമാണ്.'**

(*മത്തായി 26: 39-41*)

**"...പാപം സഹോദരൻ ചെയ്യുന്നത് ഒരുവൻ കണ്ടാൽ അവൻ പ്രാർത്ഥിക്കട്ടെ. അവനു ദൈവം ജീവൻ നൽകും."**

(*1 യോഹന്നാൻ 5:16*)

യേശുനാഥാ, സഹായത്തിന് ഒരു പ്രാർത്ഥനപോലും സമർപ്പിക്കാതെ എപ്രകാരം മററുള്ളവരുടെ പാപങ്ങളും തെററുകളും കുറവുകളും ഞാൻ വിമർശന വിഷയമാക്കുന്നു എന്ന് അവിടുന്നറിയുന്നു.

എന്നാൽ ഇപ്പോൾ എന്റെ ദൗർബല്യം
എനിക്കനുഭവവേദ്യമാണ്.

അവിടുത്തെ രക്ഷാദായക കൃപ ഒരു നിമിഷത്തേക്ക് പിൻവലിച്ചാൽ എത്ര എളുപ്പത്തിൽ ഞാനും പാപം ചെയ്യുമെന്ന യാഥാർത്ഥ്യം മനസ്സിലാക്കുന്നു.

അതേ കൃപ ലോകത്തെമ്പാടുമുള്ള പാപികളിലേക്ക് പ്രത്യേകിച്ച് എന്റേതിനേക്കാളും നീചമായ പ്രലോഭനങ്ങളെ ഈ നിമിഷം നേരിടുന്നവരിലേക്ക് അവിടുന്ന് അയയ്ക്കേണമെ.

ഗർഭഛിദ്രത്തെക്കുറിച്ച് ആലോചിക്കുന്നവരെ അതിൽനിന്ന് പിൻതിരിയുവാൻ അവിടുന്ന് സഹായിക്കണമെ.

വ്യഭിചാരം മൂലം കുടുംബബന്ധങ്ങൾ ഉപേക്ഷിച്ചവരെ പുനരൈക്യത്തിലേക്ക് കൊണ്ടുവരണമെ.

മദ്യം, മയക്കുമരുന്ന്, പുകവലി, ചൂതുകളി, അശ്ലീലത എന്നിവയ്ക്കോ മററ് ജീവൻ നശിപ്പിക്കുന്ന ദുർബലതകൾക്കോ അടിമപ്പെട്ടവരെ സ്വതന്ത്രരാക്കണമെ.

അധികാരത്തിനും ധനത്തിനും വേണ്ടിയുള്ള അത്യാർത്തിയാൽ പ്രേരിതരായി അനീതി പ്രവർത്തിച്ച് മററുള്ളവരുടെ അവകാശവും മാന്യതയും അടിച്ചമർത്തുന്നവരെ അവിടുന്ന് സഹായിക്കണമെ.

അങ്ങയെ സ്വന്തമാക്കുന്നതാണ് ഏററവും
അമൂല്യമായ സമ്പത്തെന്ന് അവരെ പഠിപ്പിക്കണമെ.

തങ്ങളുടെ ജീവിതം മുഖാന്തരം ഏറെ നന്മ ചെയ്യുന്നതിനും വിശുദ്ധരായി തീരുന്നതിനും വേണ്ട ശക്തി അവർക്ക് പരിശുദ്ധാത്മാവിലുണ്ട് എന്ന അറിവിനാൽ അവരെ പ്രകാശിതരാക്കണമെ.

പാപിനിയായ സ്ത്രീയും, ചുങ്കം പിരിവുകാരനും പശ്ചാത്താപവിവശനായ പത്രോസും ഒരിക്കൽ പിൻതിരിയുകയും ഉടൻതന്നെ പാപവിമോചനവും സമാധാനവും കണ്ടെത്തുകയും ചെയ്തതുപോലെ സകല പാപികളേയും അങ്ങിലേക്ക് പിൻതിരിയുവാൻ അവിടുന്ന് സഹായിക്കണമെ.

അങ്ങയുടെ സൗഖ്യദായകമായ അനുരഞ്ജന കൂദാശ സഭയിലൊന്നാകെ നവീകരിക്കണമെ.
"നിൻെറ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു" എന്നുള്ള സൗഖ്യദായകമായ, പ്രത്യാശ പകരുന്ന, കരുണയുടെ അത്ഭുതാവഹമായ കൂദാശാവചനങ്ങളാൽ ഞങ്ങളുടെ പാപകടങ്ങൾ കഴുകിക്കളയണമെ.

അങ്ങയുടെ അമൂല്യമായ തിരുരക്തത്തിൻെറ ശക്തിയിൽ ലോകത്തിലുള്ള എല്ലാ പാപികൾക്കും വേണ്ടി അവരുടെ പാപങ്ങൾ എത്ര ഘോരവും അസംഖ്യവുമാകട്ടെ, ഞാൻ പ്രാർത്ഥിക്കുന്നു.
അങ്ങയുടെ മാതൃകയനുകരിച്ചുകൊണ്ട് ഞാനും അങ്ങ് ഒരിക്കൽ നിലവിളിച്ചതുപോലെ പ്രാർത്ഥിക്കുന്നു.

"പിതാവേ, അവരോട് ക്ഷമിക്കണമെ, അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല." (*ലൂക്കാ 23:24*)

# കുഞ്ഞുങ്ങളോടൊത്ത്

*കുഞ്ഞിനെ എൻെറ കൈയിലെടുക്കുമ്പോഴും*
*അവരോട് സംസാരിക്കുമ്പോഴും കളിക്കുമ്പോഴും*
*അവരോടൊത്ത് ചിരിക്കുമ്പോഴും*
*അവർക്കുവേണ്ടി പ്രാർത്ഥിക്കുമ്പോഴും*
*കൈപിടിച്ച് നടത്തുമ്പോഴും*
*അവരുടെ ഹൃദ്യതയും നിഷ്കളങ്കതയും അനുഭവിക്കുമ്പോഴും.*

> "അവൻ തൊട്ട് അനുഗ്രഹിക്കുന്നതിനുവേണ്ടി ശിശുക്കളെ അവൻെറ അടുക്കൽ അവർ കൊണ്ടുവന്നു. ശിഷ്യൻമാരാകട്ടെ അവരെ ശകാരിച്ചു. ഇതു കണ്ടപ്പോൾ യേശു കോപിച്ച് അവരോടു പറഞ്ഞു: ശിശുക്കൾ എൻെറയടുത്തുവരാൻ അനുവദിക്കുവിൻ. അവരെ തടയരുത്. എന്തെന്നാൽ ദൈവരാജ്യം അവരെപ്പോലെയുള്ള വരുടേതാണ്. സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, ശിശുവിനെ പ്പോലെ ദൈവരാജ്യം സ്വീകരിക്കാത്ത ആരും അതിൽ പ്രവേശി ക്കുകയില്ല. അവൻ ശിശുക്കളെ എടുത്ത്, അവരുടെ മേൽ കൈകൾ വച്ച് അനുഗ്രഹിച്ചു." *(മർക്കോസ് 10: 13-16)*

പ്രിയപ്പെട്ട സുഹൃത്തും അൻപുള്ള കർത്താവുമായ യേശുനാഥാ, കുഞ്ഞുങ്ങളോടുള്ള അവിടുത്തെ സ്നേഹത്തിൻെറ ഗാഥ, അതുൾക്കൊള്ളുന്നതായ എല്ലാ പാഠങ്ങളും രഹസ്യങ്ങളും എന്നെ പഠിപ്പിക്കട്ടെ.

അങ്ങയുടെ ചെറിയവരെ ശ്രദ്ധിക്കാനാവാത്തവിധം തിരക്കുള്ളവനാണ്, പ്രധാനിയാണ് ഞാൻ എന്ന് എന്നെക്കുറിച്ച് കരുതാതിരിക്കട്ടെ.

> "ഇതുപോലുള്ള ഒരു ശിശുവിനെ എൻെറ നാമത്തിൽ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു" *(മർക്കോസ് 9:37)* എന്ന് അവിടുന്ന് പഠിപ്പിച്ചു.

വിശുദ്ധിയിൽ എന്നെ സമ്പന്നനാക്കുന്ന എളിമ ഞാൻ അഭ്യസിക്കേണ്ടത് കുഞ്ഞുങ്ങളിൽനിന്നാണെന്ന് അവിടുന്ന് പഠിപ്പിച്ചു.
ഈ പാഠം ഗ്രഹിക്കാതെ എനിക്ക് സ്വർഗരാജ്യത്തിൽ പ്രവേശിക്കാനാവില്ല എന്ന് അവിടുന്നു വ്യക്തമാക്കി. *(മത്തായി 18:1 -4)*

ഈ കുഞ്ഞുങ്ങൾ എന്നെ സുവിശേഷവത്ക്കരികട്ടെ.

ദൈവത്തിലേക്ക് ദൃഷ്ടിയൂന്നുകയും, അബ്ബാ പിതാവേ എന്ന് അങ്ങ് വിളിക്കുകയും പഠിപ്പിക്കുകയും ചെയ്തതുപോലെ ഞാൻ വിളിക്കുകയും ചെയ്യുമ്പോൾ ലഭിക്കുന്ന ലാളിത്യവും ആത്മവിശ്വാസവും ആശ്രയത്വവും സ്നേഹവും വിവേചനവും സുരക്ഷിതത്വബോധവും സ്വന്തമാണെന്ന ബോധ്യവും കുഞ്ഞുങ്ങളിൽനിന്നു ഗ്രഹിക്കാൻ എന്നെ നയിക്കണമെ.
*(മർക്കോസ് 14:36, റോമാ 8:15, ഗലാത്തിയർ 4:6)*

ചിലപ്പോൾ കുഞ്ഞുങ്ങൾ ആത്മവിശ്വാസത്തോടെ എന്നെ സമീപിക്കാറുണ്ട്. അവരുടെ പ്രതീക്ഷ വിലമതിക്കാനും സംരക്ഷിക്കാനും എന്നെ പഠിപ്പിക്കണമെ.

അങ്ങയുടെ മുന്നറിയിപ്പിന്റെ ഗൗരവം ഞാൻ മനസ്സിലാക്കുന്നു........

"എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവനു ദുഷ്പ്രേരണ നൽകുന്നവൻ ആരായാലും അവനു കൂടുതൽ നല്ലത് കഴുത്തിൽ ഒരു വലിയ തിരികല്ലു കെട്ടി കടലിന്റെ ആഴത്തിൽ താഴ്ത്തപ്പെടുകയായിരിക്കും." *(മത്തായി 18:6)*

അങ്ങിലുള്ള ആശ്രയത്വത്തിൽ വളരുവാൻ മാത്രം അവരുടെ വിശ്വാസം ഞാൻ ഉപയോഗിക്കട്ടെ.

എപ്രകാരം ദൈവത്തിന്റെ യഥാർത്ഥപൈതലാവാൻ എനിക്കാവുമെന്ന് അവരിൽനിന്ന് പഠിക്കാൻ എന്നെ സഹായിക്കണമെ.

അവരുടെ സൗന്ദര്യം ദൈവത്തിന്റെ സൗന്ദര്യത്തെക്കുറിച്ച് എന്നോട് സംസാരിക്കുന്നു.

അവരുടെ നന്മയും നിഷ്കളങ്കതയും ദൈവത്തിന്റെ വിശുദ്ധി പ്രതിഫലിപ്പിക്കുന്നു.

അവരുടെ എളിമ അങ്ങയുടെ ശാന്തവും വിനീതവുമായ ഹൃദയത്തിന്റെ ചിന്ത എന്നിലുണർത്തുന്നു.

അവരുടെ ആത്മവിശ്വാസം യഥാർത്ഥവിശ്വാസമെന്ന ആശ്രയത്വത്തിലേക്ക് എന്നെ വിളിക്കുന്നു.

പിതാവിൻെറ വാഗ്ദാനങ്ങളിൽ ജന്മംകൊണ്ട അവരുടെ പ്രത്യാശ അങ്ങയുടെ ഉത്ഥാനത്തിൽ നിറവേറിയ പിതാവിൻെറ വാഗ്ദാനങ്ങളെ ഓർമ്മിപ്പിക്കുന്നു.

അവരുടെ ആശ്ലേഷത്തിൻെറയും ചുംബനങ്ങളുടെയും മാർദ്ദവത്വം കന്യകാമറിയത്തിൻെറ കരങ്ങളിൽ ശിശുവായിക്കിടന്ന അങ്ങയുടെ ചിത്രം എൻെറ മുൻപിൽ രചിക്കുന്നു.

അങ്ങയുടെ സ്നിഗ്ദ്ധത ഒരിക്കലും നഷ്ടപ്പെട്ടിട്ടില്ല.

അങ്ങ് ലോകത്തിന് നൽകിയ സ്നേഹത്തിൻെറ കല്പനയും മാതൃകയും വിസ്മരിക്കുന്നതിൽനിന്ന് അവരുടെ കണ്ണുകളിലെ സ്നേഹം എന്നെ കാക്കുന്നു.

ഈ പാഠങ്ങൾ ഉൾക്കൊള്ളുവാനും മററുള്ളവരെ പഠിപ്പിക്കുവാനും എന്നെ സഹായിക്കണമെ.

കുഞ്ഞുങ്ങൾ എനിക്കു സഹായമേകും.

അവരെപ്പോലെ എന്നെയും ഒരു സുവിശേഷകനാക്കണമെന്ന് താഴ്മയോടെ അങ്ങയോട് അപേക്ഷിക്കുന്നു.

# വാർത്തകൾ

*വായിക്കുമ്പോൾ*
*ശ്രവിക്കുമ്പോൾ*
*വീക്ഷിക്കുമ്പോൾ*
*ലോകമെങ്ങുംനിന്ന് തിന്മനിറഞ്ഞ വാർത്തകൾ*
*എന്റെ പ്രതീക്ഷകളെ ആക്രമിക്കുമ്പോൾ*

**"നിങ്ങൾ സമചിത്തതയോടെ ഉണർന്നിരിക്കുവിൻ നിങ്ങളുടെ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചുകൊണ്ടു ചുററി നടക്കുന്നു. വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് അവനെ എതിർക്കുവിൻ. ലോകമെങ്ങുമുള്ള നിങ്ങളുടെ സഹോദരരിൽനിന്ന് ഇതേ സഹനംതന്നെ ആവശ്യപ്പെട്ടിരിക്കുന്നെന്ന് അറിയുകയും ചെയ്യുവിൻ."** *(1 പത്രോസ് 5:8 -9)*

**"നിങ്ങളുടെ ഉള്ളിലുള്ളവൻ ലോകത്തിലുള്ളവനെക്കാൾ വലിയവനാണ്."** *(1 യോഹന്നാൻ 4:4)*

പ്രിയപ്പെട്ട വിജയശ്രീലാളിത രക്ഷകനായ യേശുവേ, ഓരോ ദിവസവും കൊള്ളയും കുററകൃത്യങ്ങളും കലാപങ്ങളും യുദ്ധങ്ങളും അക്രമപ്രവർത്തനങ്ങളും എത്രയോ പേരുടെ ജീവൻ അപഹരിക്കുന്നു!

ഈ നിമിഷവും അനീതിയുടെയും ക്രൂരതയുടെയും എത്രയെത്ര പാപമാണ് ചെയ്യുക?

നീതിമാൻമാരായ പത്ത് ആളുകളെ കണ്ടെത്തിക്കൊണ്ട് സോദോം നഗരത്തെ രക്ഷിക്കാൻ അബ്രാഹം ശ്രമിച്ചു. *(ഉൽപ്പത്തി 18: 32)*

ഞാൻ വായിക്കുന്നതും കേൾക്കുന്നതും കാണുന്നതുമായ ചീത്ത വാർത്തകളിൽ പത്തു നീതിമാൻമാരെ കണ്ടെത്താനാവാതെ ഞാൻ പരിഭ്രമിക്കുകയും നിരാശനാവുകയും ചെയ്യുന്നു. *(റോമ 3: 10-18)*

ബലവാനായ ദൈവത്തെ സംപ്രീതനാക്കുവാൻ ഒരു നീതിമാനെങ്കിലും മതി എന്നോർമ്മിക്കുവാൻ എന്നെ സഹായിക്കണമെ.

ആ നീതിമാൻ നീയാണ്!

"എന്തുകൊണ്ടെന്നാൽ, ക്രിസ്തുതന്നെയും പാപങ്ങൾക്കുവേണ്ടി ഒരിക്കൽ മരിച്ചു: അത് നീതിരഹിതർക്കുവേണ്ടിയുള്ള നീതിമാൻെറ മരണമായിരുന്നു. ശരീരത്തിൽ മരിച്ച് ആത്മാവിൽ ജീവൻ പ്രാപിച്ചുകൊണ്ടു നിങ്ങളെ ദൈവസന്നിധിയിലെത്തിക്കുന്നതിനു വേണ്ടിയായിരുന്നു അത്."

(*1 പത്രോസ് 3:18*)

സാമൂഹിക മാനവിക പ്രശ്നങ്ങൾക്കു പരിഹാരം നിർദേശിച്ചുകൊണ്ട് പലരും ഗ്രന്ഥങ്ങൾ രചിക്കുന്നു; പ്രബന്ധങ്ങൾ തയ്യാറാക്കുന്നു; അവർ അതിന് സമ്മാനങ്ങളും നേടുന്നു.

നാഥനായ യേശുക്രിസ്തുവെ, അവിടുന്നു മാത്രമാണ് എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം.

അവിടുന്നു മാത്രമാണ്

| | |
|---|---|
| - ദൈവത്തിൻെറ ജ്ഞാനം | 1 കൊറി 1:24 |
| - ഹൃദയങ്ങളെ അറിയുന്നവൻ | യോഹന്നാൻ 2:25 |
| - വഴിയും സത്യവും ജീവനും | യോഹന്നാൻ 14:6 |
| - ലോകത്തിൻെറ പ്രകാശം-ജീവൻെറ പ്രകാശം | യോഹന്നാൻ 8:12 |
| - എല്ലാ നാമങ്ങൾക്കുമുപരിയായ നാമം | ഫിലിപ്പി 2:9 |
| - രക്ഷ നൽകുന്ന ഏക നാമം | അപ്പ. പ്രവ. 4:12 |
| - നമ്മെ സ്വതന്ത്രരാക്കുന്ന പുത്രൻ | യോഹന്നാൻ 8: 36 |
| - എല്ലാവർക്കുംവേണ്ടി മോചനദ്രവ്യമായി സ്വയം നൽകിയവൻ | 1 തിമോത്തി 2:6 |
| - ലോകത്തിൻെറ പാപങ്ങൾ നീക്കുന്ന കുഞ്ഞാട് | യോഹന്നാൻ 1:29 |
| - തൻെറ മുറിവുകളാൽ നമ്മെ സുഖപ്പെടുത്തുന്നവൻ | 1 പത്രോസ് 2:24 |
| - പിതാവിങ്കലേക്കുള്ള ഏകവഴി | യോഹന്നാൻ 14:6 |
| - നിത്യരക്ഷയുടെ ഏക സ്രോതസ് | ഹെബ്രായർ 5:9 |

അങ്ങിലുള്ള പരിഹാരമാർഗങ്ങളുടെ പട്ടിക നീണ്ടുപോകും.

"യേശുക്രിസ്തുവിലുള്ള നിങ്ങളുടെ ജീവിതത്തിൻെറ ഉറവിടം അവിടുന്നാണ്. ദൈവം അവനെ നമുക്കു ജ്ഞാനവും നീതിയും വിശുദ്ധീകരണവും പരിത്രാണവും ആക്കിയിരിക്കുന്നു."

(*1 കൊറിന്തോസ് 1: 30*)

സാത്താൻ വിജയം നേടിയെന്ന് കരുതാൻ പത്രങ്ങൾ എന്നെ പ്രലോഭിപ്പിക്കുന്നു.

എന്നാൽ ഞാൻ വിശ്വസിക്കുന്നത്, നമ്മുടെ സദ്വാർത്തയാണ്; ദുഷിച്ച വാർത്തയല്ല.

സാത്താൻ എത്ര ഉച്ചത്തിൽ തൻെറ കാഹളം മുഴക്കിക്കൊണ്ട് ചുററിക്കറങ്ങിയാലും അങ്ങിലുള്ള എൻെറ പ്രത്യാശ എന്നെ ശുഭാപ്തിവിശ്വാസമുള്ളവനായി നിലനിർത്തുന്നു.

പൗലോസിൻെറ ജയഭേരിയാൽ പ്രചോദിതനായി ഉണർവോടെ ഞാൻ സുവിശേഷ പ്രഘോഷണം തുടരും.

"മരണത്തെ വിജയം ഗ്രസിച്ചു...നമ്മുടെ കർത്താവായ യേശുക്രിസ്തുവഴി നമുക്കു വിജയം നൽകുന്ന ദൈവത്തിനു നന്ദി...കർത്താവിൽ നിങ്ങളുടെ ജോലി നിഷ്ഫലമല്ലെന്നു ബോധ്യപ്പെട്ട്, അവിടുത്തെ ജോലിയിൽ സദാ അഭിവൃദ്ധിപ്രാപിച്ച് സ്ഥിരചിത്തരും അചഞ്ചലരുമായിരിക്കുവിൻ." *(1 കൊറിന്തോസ് 15: 54-58)*

യേശുക്രിസ്തുവേ, മരണത്തെ കീഴടക്കിയ നാഥാ അങ്ങയുടെ വിജയം പ്രഘോഷിക്കുവാൻ എന്നെ സഹായിക്കണമെ.

സദ്വാർത്ത എൻെറ കഴിവനുസരിച്ച്, എല്ലായിടത്തും എല്ലാ രീതിയിലും പ്രഘോഷിക്കുവാൻ എന്നെ ശക്തിപ്പെടുത്തണമെ.

പുരമുകളിൽനിന്ന് അത് ഞാൻ ഉച്ചൈസ്വരം പ്രഖ്യാപിക്കും.
*(ലൂക്കാ 12:3)*

## പോരാട്ടത്തിൽ അവിടുന്ന് വിജയം നേടി
## എനിക്കുവേണ്ടി വിജയം നേടി

എനിക്കെങ്ങനെ നിശ്ശബ്ദനാകാനാവും?
ഞാൻ നിശ്ശബ്ദനായാൽ
"ഈ കല്ലുകൾ പ്രഘോഷിക്കും." *(ലൂക്കാ 19: 40)*

# കുടുംബാഘോഷവേളകളിൽ

*വിവാഹം, മാമോദീസ, ജന്മദിനവാർഷികം മുതലായ അവസരങ്ങൾ*

**"...ഗലീലിയിലെ കാനായിൽ ഒരു വിവാഹവിരുന്നു നടന്നു. യേശുവിൻെറ അമ്മ അവിടുണ്ടായിരുന്നു. യേശുവും ശിഷ്യന്മാരും വിരുന്നിനു ക്ഷണിക്കപ്പെട്ടിരുന്നു."** *(യോഹന്നാൻ 2: 1-2)*

**"...സ്വർഗ്ഗരാജ്യം, തൻെറ പുത്രനുവേണ്ടി വിവാഹ വിരുന്നൊരുക്കിയ രാജാവിനു സദൃശം. വിവാഹവിരുന്നിനു ക്ഷണിക്കപ്പെട്ടവരെ വിളിക്കാൻ അവൻ ഭൃത്യന്മാരെ അയച്ചു."** *(മത്തായി 22: 2-3)*

**"കിഴക്കുനിന്നും പടിഞ്ഞാറു നിന്നും വടക്കുനിന്നും തെക്കുനിന്നും ജനങ്ങൾ വന്ന് ദൈവരാജ്യത്തിൽ വിരുന്നിനിരിക്കും."** *(ലൂക്കാ 13: 29)*

**"...അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപതു നീതിമാൻമാരെക്കുറിച്ച് എന്നതിനെക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും... ഉടൻ മേൽത്തരം വസ്ത്രങ്ങൾ കൊണ്ടുവന്ന് ഇവനെ ധരിപ്പിക്കുവിൻ. ഇവൻെറ കൈയിൽ മോതിരവും കാലിൽ ചെരിപ്പും അണിയിക്കുവിൻ. കൊഴുത്ത കാളക്കുട്ടിയെ കൊണ്ടുവന്നു കൊല്ലുവിൻ. നമുക്ക് ഭക്ഷിച്ച് ആഹ്ലാദിക്കാം. എൻെറ ഈ മകൻ മൃതനായിരുന്നു. അവൻ ഇതാ വീണ്ടും ജീവിക്കുന്നു. അവൻ നഷ്ടപ്പെട്ടിരുന്നു: ഇപ്പോൾ വീണ്ടുകിട്ടിയിരിക്കുന്നു. അവർ ആഹ്ലാദിക്കാൻ തുടങ്ങി."** *(ലൂക്കാ 15:7, 22-24)*

**"അവരെ (പൗലോസിനെയും സീലാസിനെയും) വീട്ടിലേക്കു കൂട്ടിക്കൊണ്ടുവന്ന് അവർക്കു ഭക്ഷണം വിളമ്പി. ദൈവത്തിൽ വിശ്വസിച്ചതുകൊണ്ട് അവനും കുടുംബാംഗങ്ങളും അത്യന്തം ആനന്ദിച്ചു."** *(അപ്പ. പ്രവർത്തനങ്ങൾ 16:34)*

"കുഞ്ഞാടിൻെറ വിവാഹവിരുന്നിനു
വിളിക്കപ്പെട്ടവർ ഭാഗ്യവാൻമാർ." (*വെളിപാട് 19:9*)

സന്തോഷദായകനായ യേശുനാഥാ, എല്ലാവരും വിരുന്നാസ്വദിക്കാൻ താല്പര്യമുള്ളവരാണ്. അങ്ങയുടെ പ്രിയപ്പെട്ട കന്യകാമാതാവും അങ്ങും വിരുന്ന് ഇഷ്ടപ്പെട്ടിരുന്നു.

കാനായിലെ കല്യാണവിരുന്നിലേക്ക് അങ്ങ് ക്ഷണിക്കപ്പെട്ടിരുന്നതുപോലെ, ഈ ചെറിയ കുടുംബാഘോഷത്തിലേക്കും അങ്ങയെ ഞങ്ങൾ ക്ഷണിക്കുന്നു.

ഞങ്ങളുടെ ക്ഷണം സ്വീകരിച്ചതിനും അങ്ങയുടെ സാന്നിധ്യമേകുന്ന സന്തോഷത്താൽ ഞങ്ങളെ അനുഗ്രഹിച്ചതിനും ഞങ്ങൾ നന്ദി പറയുന്നു.

കൂദാശകളിൽ ഞങ്ങൾക്കു നൽകുന്ന ഏഴ് അത്ഭുതകരമായ ആഘോഷാവസരങ്ങൾക്ക് അങ്ങയോട് ഞങ്ങൾ കൃതജ്ഞതയുള്ളവരാണ്.

പറുദീസയിൽ ഞങ്ങൾക്കായി ഒരുക്കിയിരിക്കുന്ന നിത്യവിരുന്നിലേക്ക് കൂദാശകളിലൂടെ ഞങ്ങളെ ക്ഷണിക്കുന്നതിന് ഞങ്ങൾ പ്രത്യേകമായി നന്ദിയുള്ളവരാണ്.

അവിടുന്ന് ഞങ്ങളെ ക്ഷണിക്കുക മാത്രമല്ല, വിരുന്നിൽ പ്രവേശിക്കുവാൻ ധരിക്കേണ്ടതായ വിശുദ്ധിയുടെ വിവാഹവസ്ത്രം അവിടുത്തെ രക്തത്താൽ ഞങ്ങൾക്കായി വിലയ്ക്കു വാങ്ങുകകൂടി ചെയ്തിരിക്കുന്നു.
(*മത്തായി 22:11*)

ഞങ്ങളുടെ ഭൗതികമായ സന്തോഷങ്ങളും മാനുഷിക ദൗർബല്യങ്ങളുമാകുന്ന വെള്ളത്തെ അവിടുന്ന് പരിപൂർണതയുടെയും നിത്യാനന്ദത്തിൻെറയും ശ്രേഷ്ഠമായ സ്വർഗീയ വീഞ്ഞാക്കി മാററുന്നു. അതാണല്ലോ അങ്ങയുടെ അത്ഭുതങ്ങളിൽ ഏററം മഹത്തരം.

അങ്ങയുടെ ദാസർക്കേകിയ കൽപ്പന
ഞങ്ങൾ സ്വീകരിക്കുന്നു.

"വിവാഹവിരുന്നു തയ്യാറായിരിക്കുന്നു...
നിങ്ങൾ വഴിക്കവലകളിൽ ചെന്ന് അവിടെ കണ്ടെത്തുന്നവരെയെല്ലാം
വിവാഹവിരുന്നിനു ക്ഷണിക്കുവിൻ." (*മത്തായി 22:8-9*)

അങ്ങയുടെ ഉദ്ദേശ്യം വ്യക്തമാണ്
"എൻെറ വീട് നിറയണം." (*ലൂക്കാ 14:23*)

തനിയെ വരേണ്ട വിരുന്നല്ല ഇതെന്ന് ഞങ്ങൾ ഓരോരുത്തരും മനസ്സിലാക്കുന്നു.

കഴിയുന്നത്ര ആളുകളെ ഞങ്ങൾ ക്ഷണിക്കുമെന്ന് ഞാൻ വാക്കു തരുന്നു.

ഞാൻ അവിദഗ്ദ്ധനും ആത്മവിശ്വാസമില്ലാത്തവനുമാകയാൽ മററുള്ളവരെ ക്ഷണിക്കുന്നതിന് ഇമ്പകരവും ഫലപ്രദവുമായ വാക്കുകൾ എനിക്കു തരണമെ.

വിരുന്നിനെ സമീപിക്കുന്ന എൻെറ ആഹ്ലാദവും ആവേശവും അവരിൽ താല്പര്യമുണർത്തുകയും അവരെ ആകർഷിക്കുകയും ചെയ്യട്ടെ.

നന്മയാകുന്ന എൻെറ വിവാഹവസ്ത്രത്തിൻെറ ശോഭ ആ ശൈലി അനുകരിക്കാൻ മററുള്ളവർക്കു പ്രചോദനമേകട്ടെ.

പ്രിയപ്പെട്ട ദൈവമേ

അവിടുന്ന് ഒരു വിരുന്ന് നൽകുന്നു.

എനിക്കും അവിടെയായിരിക്കണമെന്നാഗ്രഹമുണ്ട്.

വിരുന്നിൽ എത്രയും കൂടുതൽ ആളുകളെ ഞാൻ പങ്കുചേർക്കുന്നുവോ,
അത്രയും ഉന്നതമായിരിക്കും എൻെറ സ്ഥാനമെന്ന് ഞാൻ മനസ്സിലാക്കുന്നു.

അതുകൊണ്ട് വലിയൊരു ജനക്കൂട്ടത്തെ ഞാൻ കൊണ്ടുവരുമെന്ന് അങ്ങ് കരുതണമെ.

അങ്ങയുടെ ഭവനത്തെ നിറയ്ക്കുവാൻ
എൻെറ പങ്ക് ഞാൻ വഹിക്കും.

എത്ര മനോഹരമായിരിക്കും ആ വിരുന്ന്!

# സഹനം നേരിടുമ്പോൾ, ഉപവസിക്കുമ്പോൾ വേദനിക്കുന്നവരെ സഹായിക്കുമ്പോൾ

*ക്രൂശിതനായ യേശുക്രിസ്തുവിനോട്*
*നമ്മുടെ സഹനവും ചേർത്തുകൊണ്ട്*

**"അത് (മുള്ള്) എന്നെ വിട്ടകലാൻവേണ്ടി മൂന്നുപ്രാവശ്യം ഞാൻ കർത്താവിനോടപേക്ഷിച്ചു. എന്നാൽ അവിടുന്ന് എന്നോട് അരുളിച്ചെയ്തു: നിനക്ക് എൻെറ കൃപ മതി. എന്തെന്നാൽ ബലഹീനതയിലാണ് എൻെറ ശക്തി പൂർണ്ണമായി പ്രകടമാകുന്നത്. ക്രിസ്തുവിൻെറ ശക്തി എൻെറ മേൽ ആവസിക്കേണ്ടതിനു ഞാൻ പൂർവാധികം സന്തോഷത്തോടെ എൻെറ ബലഹീനതയെക്കുറിച്ചു പ്രശംസിക്കും."** (*2 കൊറിന്തോസ് 12: 8-9*)

**"എന്നാൽ ഒരു സമരിയാക്കാരൻ യാത്രാമധ്യേ അവൻ കിടന്ന സ്ഥലത്തുവന്നു. അവനെക്കണ്ടു മനസ്സലിഞ്ഞ്, അടുത്തുചെന്ന് എണ്ണയും വീഞ്ഞുമൊഴിച്ച് അവൻെറ മുറിവുകൾ വച്ചുകെട്ടി....ഒരു സത്രത്തിൽ കൊണ്ടുചെന്നു പരിചരിച്ചു... അടുത്ത ദിവസം സത്രം സൂക്ഷിപ്പുകാരൻെറ കൈയിൽ രണ്ടു ദനാറാ കൊടുത്തിട്ടു പറഞ്ഞു: ഇവൻെറ കാര്യം നോക്കിക്കൊള്ളണം. കൂടുതൽ എന്തെങ്കിലും ചെലവാകുന്നെങ്കിൽ ഞാൻ തിരിച്ചു വരുമ്പോൾ തന്നുകൊള്ളാം."** (*ലൂക്കാ 10: 33 - 35*)

**ഏററവും പ്രിയപ്പെട്ടവനും സ്നേഹവാനും ക്രൂശിതനുമായ രക്ഷകാ, യേശുവേ, ദരിദ്രർക്ക് സദ്വാർത്തയും ബന്ദികൾക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും പ്രഖ്യാപിക്കുവാൻ (*ലൂക്കാ 4:18*) പിതാവിനാൽ എപ്രകാരം അയയ്ക്കപ്പെട്ടുവെന്ന് അവിടുന്ന് വ്യക്തമാക്കി.**

**സുവിശേഷ പ്രഘോഷകൻ എന്ന നിലയിൽ ഞാൻ അങ്ങയുടെ ഒരുപകരണമാണ് എന്ന് മനസ്സിലാക്കുന്നു. പീഡനമനുഭവിക്കുന്നവർക്കും ദാരിദ്ര്യമനുഭവിക്കുന്നവർക്കും അനുഗ്രഹങ്ങളും അവയിലുപരിയായവയും പകർന്നു നൽകേണ്ട ഒരുപകരണം മാത്രമാണു ഞാൻ.**

പാപവിമോചനവും സഹനത്തെ അഭിമുഖീകരിക്കുന്നവർക്കു വേദനയിൽ നിന്നു വിടുതലും ഏകുക എന്ന ദൗത്യം പ്രഖ്യാപിക്കുന്നതിനു മുൻപ് അവിടുന്ന് മരുഭൂമിയിൽ പിശാചിനോട് പോരാടി നാൽപത് രാവും നാൽപതു പകലും ഉപവാസത്തിൽ ചെലവഴിച്ചു.

മററുള്ളവരുടെ വേദനയിൽ ആശ്വാസമരുളുന്ന അങ്ങയുടെ ഉപകരണമെന്ന നിലയിൽ അതിനായി നൽകേണ്ടുന്ന വിലയിൽ പങ്കുചേരണമെന്ന് അങ്ങ് എന്നെ വ്യക്തമായി പഠിപ്പിക്കുന്നു.

"സ്വന്തം കുരിശു വഹിക്കാതെ എന്റെ പിന്നാലെ വരുന്നവന് എന്റെ ശിഷ്യനായിരിക്കാൻ കഴിയുകയില്ല." *(ലൂക്കാ 14:27)*

ഇതു മനസ്സിലാക്കിയ പൗലോസ് എഴുതി:

"ക്രിസ്തുവിന് സഹിക്കേണ്ടിവന്ന പീഡകളുടെ കുറവ് എന്റെ ശരീരത്തിൽ ഞാൻ നികത്തുന്നു..." *(കൊളോസോസ് 1:24)*

അതാണ് ഞാനിപ്പോൾ ചെയ്യുന്നതും.

ഇത് എളുപ്പമുള്ള കാര്യമായി കരുതുന്നുവെന്ന് എനിക്കു പറയാനാവില്ല. ചിലപ്പോഴൊക്കെ അസഹിഷ്ണുവാകാനും പരാതി പറയുവാനും ഞാൻ പ്രലോഭിപ്പിക്കപ്പെടാറുണ്ടെന്ന് അങ്ങറിയുന്നു.

അവിടുന്ന് എനിക്ക് മാപ്പുനൽകണമെ. ലോകമെങ്ങുമുള്ള വേദനയനുഭവിക്കുന്ന മാനവരാശിക്കുവേണ്ടിയുള്ള മാധ്യസ്ഥ്യം വഹിക്കലായി എന്റെ വേദനകളും എളിയത്യാഗ പ്രവൃത്തികളും അവിടുന്നു സ്വീകരി ക്കണമെ.

സഹായമാവശ്യമായവർക്കെല്ലാം അവിടുന്നു ധൈര്യവും ശക്തിയും ഏകണമെ.

അവിടുന്ന് അയയ്ക്കുന്ന സമാശ്വാസവും അവിടുന്നു പ്രദർശിപ്പിക്കുന്ന വാത്സല്യവും സഹാനുഭൂതിയും അവരെ സദാ സ്നേഹിക്കുന്ന ക്രൂശിതനായ കർത്താവാണ് അങ്ങ് എന്നു കണ്ടെത്തുന്നതിനു കാരണമായിത്തീരട്ടെ.

ക്രൂശിലേററപ്പെട്ട് മാനവരാശിക്കൊന്നാകെ അങ്ങ് രക്ഷ കൈവരിച്ചതുപോല, വേദന സഹിക്കുന്നവർക്ക് തങ്ങളുടെ വേദനകളെ അങ്ങയുടേതുമായി സംയോജിപ്പിക്കുവാൻ അവിടുന്നു പ്രചോദനമരുളണമെ.

# സുവിശേഷ പ്രഘോഷണത്തിനു പുറപ്പെടുമ്പോൾ

*ഭവന സന്ദർശനം*
*രോഗീസന്ദർശനം*
*പ്രസംഗിക്കുമ്പോൾ*
*ലഘുലേഖകൾ വിതരണം ചെയ്യുമ്പോൾ*
*ലേഖനം എഴുതുമ്പോൾ*
*ക്രിസ്മസ് കാർഡിനോടൊപ്പം ഒരു സന്ദേശം കുറിക്കുമ്പോൾ*

**"സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾപോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും."** *(മത്തായി 28: 18-20)*

**"നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും...അവർ എല്ലായിടത്തും പോയി പ്രസംഗിച്ചു. കർത്താവ് അവരോടുകൂടെ പ്രവർത്തിക്കുകയും അടയാളങ്ങൾ കൊണ്ടു വചനം സ്ഥിരീകരിക്കുകയും ചെയ്തിരുന്നു."**
*(മർക്കോസ് 16:15; 16:20)*

**കർത്താവായ യേശുക്രിസ്തുവെ, അവിടുന്ന്**
**ഈ ദൗത്യവുമായി എന്നെ അയയ്ക്കുന്നു.**

**അവിടുന്ന് വ്യക്തിപരമായി എന്നോടൊപ്പം**
**ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.**
**അവിടുന്ന് വ്യക്തമായി എന്നോടു പറയുന്ന വാക്കുകൾ ഓർമ്മിക്കുന്നു.**
**പരിഭ്രാന്തി വേണ്ടാ, ഭയപ്പെടേണ്ടാ.**

"നിങ്ങളോടൊപ്പം അരപ്പട്ടയിൽ സ്വർണ്ണമോ വെള്ളിയോ ചെമ്പോ കരുതി വയ്ക്കരുത്. യാത്രയ്ക്കു സഞ്ചിയോ, രണ്ട് ഉടുപ്പുകളോ ചെരിപ്പോ വടിയോ കൊണ്ടുപോകരുത്. മറിച്ച് അങ്ങിലുള്ള വിശ്വാസത്തിലും ആശ്രയത്വത്തിലും ശക്തി കണ്ടെത്തുക."

(*മത്തായി 10 : 9 -10, 28*)

"വേല ചെയ്യുന്നവൻ ആഹാരത്തിനർഹനാണ്"

എന്ന് വിശദമാക്കിക്കൊണ്ട് ഞാൻ സംസാരിക്കേണ്ടതായ വാക്കുകൾപോലും എനിക്ക് നൽകപ്പെടുമെന്ന് അവിടുന്ന് വാഗ്ദാനം ചെയ്തു:

"നിങ്ങൾ പറയേണ്ടത് ആ സമയത്തു നിങ്ങൾക്കു നൽകപ്പെടും. എന്തെന്നാൽ നിങ്ങളല്ല, നിങ്ങളിലൂടെ നിങ്ങളുടെ പിതാവിൻെറ ആത്മാവാണ് സംസാരിക്കുന്നത്."

(*മത്തായി 10:10; 19-20*)

അങ്ങയുടെ നാമത്തിൽ ഞാൻ സഞ്ചരിക്കുമ്പോൾ എന്നെ സ്വീകരിക്കുന്ന ആളുകൾക്കും ഭവനങ്ങൾക്കും സമാധാനാനുഗ്രഹങ്ങൾ അവിടുന്ന് ഉറപ്പേകുന്നു.

M/248.3
FOR

ഉദരത്തിൽ യേശുവുമായി മറിയം എലിസബേത്തിൻെറ ഭവനത്തിൽ എത്തി. അവിടം സമാധാനത്തിലും സന്തോഷത്തിലും നിമഗ്നമായി. ബാലമോ, അമ്മയുടെ ഉദരത്തിൽ സ്നാപകയോഹന്നാൻ സന്തോഷംകൊണ്ടു കുതിച്ചു ചാടി.

JEEVAN ... KENDRAM

ഞാൻ സന്ദർശിക്കുന്ന ഭവനങ്ങൾക്കും വ്യക്തികൾക്കും ഇതേ അനുഗ്രഹങ്ങൾ പകർന്നുകൊടുക്കുവാൻ എന്നെ ഉപയോഗിക്കണമെ.

അവിടുന്ന് അടയാളങ്ങളും അത്ഭുതങ്ങളും ഉറപ്പു നൽകുന്നുവല്ലോ. രോഗികൾക്കു സൗഖ്യവും ആത്മീയമായും വൈകാരികമായും അടിച്ചമർത്തപ്പെട്ടവർക്കു നവസ്വാതന്ത്ര്യവും ആഹ്ലാദവും അവിടുന്നു തരുന്നു. എന്തിന്? വയറിനു പിടിക്കാത്ത ഭക്ഷണം കഴിച്ചതിൻെറ അസ്വസ്ഥതയിൽ നിന്നുള്ള സംരക്ഷണംപോലും അവിടുന്ന് ഉറപ്പാക്കുന്നു.

(*ലൂക്കാ 10: 5-9; മർക്കോസ് 16: 17-18; മത്തായി 10: 8-12*)

അങ്ങയുടെ ആദ്യശിഷ്യൻമാരെ അങ്ങ് ഈരണ്ടുപേരായി അയച്ചു. അവർ ആഹ്ലാദഭരിതരായി മടങ്ങിയെത്തി പറഞ്ഞു:

"സാത്താൻപോലും ഞങ്ങൾക്കു കീഴ്പെടുന്നു."

"സാത്താൻ സ്വർഗ്ഗത്തിൽനിന്ന് ഇടിമിന്നൽപോലെ പതിക്കുന്നതു ഞാൻ കണ്ടു" എന്നുപറഞ്ഞ് അവിടുന്നുതന്നെ സാക്ഷ്യപ്പെടുത്തി.

(*ലൂക്കാ 10: 17-18*)

അങ്ങയുടെ നാമത്തിൽ തിന്മയെ കീഴ്പ്പെടുത്തുന്നതിനുള്ള ശക്തി — സാത്താൻെറ ശക്തിയെപ്പോലും അതിജീവിക്കുന്ന ശക്തി — എനിക്കുണ്ട്. എന്നുള്ള ബോധ്യം എനിക്കും നൽകണമെ.

ഭയം, നിരാശ എന്നിവയാൽ അടിച്ചമർത്തപ്പെട്ടവർക്കുവേണ്ടിയും പാപത്തിനും തിന്മയ്ക്കും അടിമപ്പെട്ടവർക്കുവേണ്ടിയും ആത്മവിശ്വാസത്തോടെ പ്രാർത്ഥിക്കുവാനും അവർക്കു സമാധാനം ആശംസിക്കുവാനും വേണ്ടി ഈ ശക്തി ഉപയോഗിക്കാൻ എന്നെ പഠിപ്പിക്കണമെ.

"നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു" എന്ന വചനത്താൽ എനിക്ക് ഒരു പാത്രം വെള്ളമെങ്കിലും നൽകുന്നവനുപോലും ദൈവത്തിൽ നിന്നു പ്രതിഫലം അവിടുന്ന് ഉറപ്പു നൽകുന്നു. (*മത്തായി 10: 40 ,42*)

അങ്ങയുടെ ഹിതം നിറവേററുന്ന ആൾ എന്ന നിലയിൽ എൻെറ പേര് സ്വർഗത്തിൽ എഴുതപ്പെടും എന്ന അങ്ങയുടെ വാഗ്ദാനത്താൽ അവിടുന്നെന്നെ പ്രോത്സാഹിപ്പിക്കുന്നു. (*ലൂക്കാ 10:20*)

എൻെറ വാഗ്വൈഭവത്തിൻെറയോ എൻേറതുമാത്രമായ മററു കഴിവുകളുടെയോ "സ്വർണത്തിലും വെള്ളിയിലും" ഉള്ള എൻെറ ആശ്രയത്വത്തിൽ നിന്ന് അവിടുന്നെന്നെ വിമോചിതനാക്കുന്നു.

അങ്ങയെ മററുള്ളവർക്കു പകർന്നുകൊടുക്കാൻ പുറപ്പെടുമ്പോൾ അങ്ങിലുള്ള എൻെറ വിശ്വാസവും ആശ്രയത്വവും മററുള്ളവരോടുള്ള സ്നേഹവും മാത്രമാണ് നിർണായകശക്തിയെന്ന് അങ്ങ് എങ്ങനെ ഇതിലേറെ വ്യക്തമാക്കാനാണ്?

പൂർത്തിയാക്കേണ്ടതായ ദൗത്യം—
ദൈവത്തിൻെറ മക്കളായി ജീവിക്കുന്ന
ശിഷ്യരെ വാർത്തെടുക്കുക—
പൂർണമായും അതിസ്വാഭാവികമാണ്.

ഉപയോഗിക്കപ്പെടുവാൻ ഞാൻ തയ്യാറാണ് എന്നുമാത്രമാണ് എനിക്കു പറയുവാൻ കഴിയുക. ഈ അപേക്ഷയും കൂട്ടിച്ചേർക്കുന്നു:

"പരിശുദ്ധാത്മാവേ വരിക."

യേശുവേ, സ്നേഹരാജാവേ, അവിടുന്ന്
എന്നോടൊപ്പം വരുമെന്ന് ഞാനറിയുന്നു
വിജയിക്കാനുള്ള ശക്തി അവിടുത്തെ ആത്മാവ്
മാത്രമെ പ്രദാനം ചെയ്യൂ

എല്ലാ മഹത്ത്വവും ദൈവത്തിന്.

# മരണം

*പ്രിയപ്പെട്ടവരുടെ വിയോഗത്തിൽ*
*ശവസംസ്ക്കാര വേളയിൽ*
*രോഗാവസ്ഥയിൽ മർത്ത്യത എന്ന*
*യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കുമ്പോൾ*

**"യേശു വ്യക്തമായി അവരോടു പറഞ്ഞു: ലാസർ മരിച്ചുപോയി. നിങ്ങൾ വിശ്വസിക്കേണ്ടതിന് ഞാൻ അവിടെ ഇല്ലാഞ്ഞതിൽ നിങ്ങളെ പ്രതി ഞാൻ സന്തോഷിക്കുന്നു...അവളും (മറിയം) അവളോടുകൂടെ വന്ന യഹൂദരും കരയുന്നതു കണ്ടപ്പോൾ യേശു ആത്മാവിൽ നെടുവീർപ്പിട്ടുകൊണ്ട് അസ്വസ്ഥനായി....**
**യേശു കണ്ണീർ പൊഴിച്ചു, അപ്പോൾ യഹൂദർ പറഞ്ഞു. നോക്കൂ, അവൻ എത്രമാത്രം അവനെ സ്നേഹിച്ചിരുന്നു!....**
**യേശു വീണ്ടും നെടുവീർപ്പിട്ടുകൊണ്ട്**
**ശവകുടീരത്തിങ്കൽ വന്നു."** *(യോഹന്നാൻ 11: 14 -38)*

**ഉത്ഥിതനും മഹത്ത്വപൂർണ്ണനുമായ യേശുക്രിസ്തുവേ നിലനില്ക്കുന്ന ധാരാളം ഫലങ്ങൾ അവിടുന്ന് എന്റെ ജീവിതത്തിൽ ആവശ്യപ്പെടുന്നുവല്ലോ.** *(യോഹന്നാൻ 15: 8, 16)*

**ഒരു വിശ്വസ്ത ദാസനാണ് ഞാനെന്നു തെളിയിക്കാൻ ഒരു വത്സരമോ, മാസമോ ആഴ്ചയോ ഒരു ദിവസം പോലുമോ എനിക്കു ലഭ്യമാകുമെന്ന് അവിടുന്ന് ഒരുറപ്പും എനിക്കേകുന്നില്ല.**

**അങ്ങയെ മററുള്ളവർക്കു നൽകാൻ ദൈവം നൽകിയ വിലയേറിയ അവസരമാണ് ഓരോ ദിനവും എന്ന യാഥാർത്ഥ്യം മനസ്സിലാക്കാതെ ഈ ഭൂമിയിലെ എന്റെ ചുരുങ്ങിയ സമയത്തിലെ നല്ല പങ്കും കടന്നുപോകാൻ ഇതിനോടകം ഞാൻ അനുവദിച്ചു. അവിടുത്തെ അമൂല്യദാനമായ സമയം മേലിൽ അല്പംപോലും പാഴാക്കാൻ എന്നെ അനുവദിക്കല്ലേ.**

ഈ ലോകം എൻെറ ഭവനമല്ല എന്നും അങ്ങിലുള്ള വിശ്വാസത്തിലേക്കു കടന്നുവരാനും അങ്ങയുടെ സ്നേഹപ്രമാണം പ്രാവർത്തികമാക്കാനുമുള്ള ഒരവസരം മാത്രമാണിതെന്നും എന്നെ എപ്പോഴും ഓർമ്മിപ്പിക്കണമെ.

ഭൂമിയിൽ തങ്ങളുടെ ദിനങ്ങൾ എണ്ണപ്പെട്ടിരിക്കുന്നു എന്ന് വൈദ്യശാസ്ത്ര റിപ്പോർട്ടുകളിലൂടെ ഈ ദിവസം മനസ്സിലാക്കുന്നവർക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു.
അവരുടെ ഹൃദയങ്ങളിൽ പ്രത്യാശ നിറയ്ക്കണമെ.

ഇന്ന് അന്ത്യദിനമാകുന്നവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നു. അങ്ങയെ രക്ഷകനും നാഥനുമായി കണ്ടെത്തി സ്വീകരിച്ച് ശുശ്രൂഷിക്കാനാ രംഭിക്കുന്നതുവരെ അവരുടെ അന്ത്യദിനത്തിന് തിരശ്ശീല വീഴരുതേ എന്ന് പ്രാർത്ഥിക്കുന്നു.

അക്രമംമൂലമോ പെട്ടെന്നുള്ള രോഗംമൂലമോ ഇന്ന് പ്രിയപ്പെട്ടവരിൽ ഒരാളെങ്കിലും നഷ്ടപ്പെടുന്നവർക്ക് അവിടുന്ന് ധൈര്യവും ശക്തിയും നൽകണമെ.

സമാശ്വാസവും തങ്ങളുടെ മർത്യതയെക്കുറിച്ച് വ്യക്തവും എന്നാൽ ഭീതിരഹിതവുമായ അവബോധവും നൽകുന്ന അങ്ങിലുള്ള വിശ്വാസം അവരിലുളവാക്കണമെ.

ഞങ്ങൾക്കു ജീവനും ആരോഗ്യവുമുള്ളപ്പോൾ കഠിനമായി അധ്വാനിക്കാൻ അവിടുന്ന് ഞങ്ങളെ സഹായിക്കണമെ.

അവിടുത്തെ പരിലാളനയാലും സ്നേഹവാത്സല്യത്താലും പ്രചോദിതമായ ഹൃദയങ്ങളോടെ പ്രവൃത്തിയെടുക്കാനുള്ള കൃപ ഞങ്ങൾക്കേകണമെ.

എല്ലാററിനുമുപരിയായി, പറുദീസയിലെ നിത്യഗേഹത്തിൽ ഞങ്ങളുടെ ദൃഷ്ടിയുറപ്പിക്കാൻ ഞങ്ങളെ സഹായിക്കണമെ.

അവിടുത്തേക്കു മാത്രമെ വാതിൽ തുറക്കാനാവൂ എന്നും അകത്തു പ്രവേശിക്കാനുള്ള ഞങ്ങളുടെ അഭിലാഷം ഞങ്ങൾ പ്രകടിപ്പിക്കുന്നത് അവിടുന്നു നോക്കി പാർത്തിരിക്കുന്നുവെന്നും ഞങ്ങൾ മനസ്സിലാക്കുന്നു.

# രാത്രിജപം

തിരക്കേറിയ ദിനാന്ത്യത്തിൽ

"അവൻ (യേശു) പ്രാർത്ഥിക്കാനായി
ഒരു മലയിലേക്ക് പോയി. അവിടെ ദൈവത്തോടു
പ്രാർത്ഥിച്ചുകൊണ്ട് രാത്രി മുഴുവൻ ചെലവഴിച്ചു." *(ലൂക്കാ 6:12)*

"കിടക്കയിൽ ഞാൻ അങ്ങയെ ഓർക്കുകയും
രാത്രിയാമങ്ങളിൽ അങ്ങയെക്കുറിച്ചു
ധ്യാനിക്കുകയും ചെയ്യുമ്പോൾ...
അവിടുന്ന് എൻെറ സഹായമാണ്
അങ്ങയുടെ ചിറകിൻ കീഴിൽ ഞാൻ ആനന്ദിക്കും
എൻെറ ആത്മാവ് അങ്ങയോട് ഒട്ടിച്ചേർന്നിരിക്കുന്നു.
അങ്ങയുടെ വലത്തുകയ്യ്
എന്നെ താങ്ങിനിർത്തുന്നു." *(സങ്കീർത്തനം 63: 6-8)*

മററൊരു നല്ല ദിവസത്തിനായി യേശുവെ നന്ദി.

ഞാൻ വേണ്ടത്ര നന്നായി വർത്തിച്ചില്ല. എന്നാൽ അങ്ങയുടെ കൃപയും സഹായവും പ്രേരണയും മൂലം ഞാൻ ചില കാര്യങ്ങൾ നിർവഹിച്ചു. ഈ ദിനത്തിൻെറ ഫലങ്ങൾ വ്യക്തിയിൽനിന്നു വ്യക്തിയിലേക്ക് പകർന്ന് ശതഗുണീഭവിച്ചുകൊണ്ടും തലമുറകളിലൂടെ തുടർന്നുകൊണ്ടും നിത്യമായി നിലകൊള്ളാനിടയാവട്ടെ.

അങ്ങയുടെ സഹായത്താൽ ഇതിലും കൂടുതൽ മെച്ചമായി നാളെ പ്രവർത്തിക്കാൻ ഞാൻ ശ്രമിക്കും.

ഞാൻ നിദ്രയിൽ വിശ്രമിക്കുമ്പോഴും സ്വർഗ്ഗീയ പിതാവിന് അർഹമായ സ്തുതികൾ തുടർന്നുമർപ്പിക്കുവാൻ എന്നിലുള്ള അങ്ങയുടെ പരിശുദ്ധാത്മാവിനോട് ഞാൻ ഇപ്പോൾ അപേക്ഷിക്കുന്നു.

പ്രിയപ്പെട്ട രക്ഷിതാവേ, ഫലപ്രദമായ ഒരു ദിവസം നൽകിയതിന് ഒരിക്കൽക്കൂടി നന്ദി.

"എന്റെ ആത്മാവ് കർത്താവിനെ
മഹത്ത്വപ്പെടുത്തുന്നു
എന്റെ ചിത്തം എന്റെ രക്ഷകനായ
ദൈവത്തിൽ ആനന്ദിക്കുന്നു...

അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ
കടാക്ഷിച്ചു...." *(ലൂക്കാ 1: 46-55)*

ഇന്ന് ചില്ലറ ബുദ്ധിമുട്ടുകളും പരാജയങ്ങളും എനിക്ക് നേരിട്ടു. എന്നാൽ അവിടുന്ന് എന്നോടൊപ്പമുണ്ടായിരുന്നതുകൊണ്ട് ഈ ദിവസം ആഹ്ലാദപൂർണവും വിശുദ്ധി നിറഞ്ഞതുമായിരുന്നു!

ഇതിനായി ഞാൻ നന്ദിയോടെ
അങ്ങയെ സ്തുതിക്കുകയും
ആരാധിക്കുകയും ചെയ്യുന്നു. ആമ്മേൻ.

## ചില വിശുദ്ധ ലിഖിതങ്ങൾ കൂടി

പ്രാർത്ഥനയുടെ പ്രാധാന്യത്തെയും ശക്തിയെയും കുറിച്ച് ബോധ്യപ്പെടുന്നതിൽ നമ്മെ സഹായിക്കാനും വിശ്വസ്തതാപൂർവ്വം പ്രാർത്ഥിക്കുന്നതിൽ നമ്മെ നിലനിർത്താനും.

### ❑ സാർവത്രിക സുവിശേഷവത്കരണത്തിനായി വിശുദ്ധ പൗലോസിൻെറ അഭ്യർത്ഥന

"എല്ലാവർക്കുംവേണ്ടി അപേക്ഷകളും യാചനകളും മാധ്യസ്ഥ്യ പ്രാർത്ഥനകളും ഉപകാരസ്മരണകളും ഞാൻ ആദ്യമേ ആഹ്വാനം ചെയ്യുന്നു. എല്ലാ ഭക്തിയിലും വിശുദ്ധിയിലും ശാന്തവും സമാധാനപൂർണവുമായ ജീവിതം നയിക്കാൻ നമുക്കിടയാകത്തക്കവിധം രാജാക്കൻമാർക്കും ഉന്നത സ്ഥാനീയർക്കുംവേണ്ടിയും ഇപ്രകാരംതന്നെ ചെയ്യേണ്ടതാണ്. എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യം അറിയണമെന്നും ആണ് അവിടുന്ന് ആഗ്രഹിക്കുന്നത്." *(1 തിമോത്തെയോസ് 2: 1-4)*

### ❑ വിജയകരമായ സുവിശേഷവത്കരണവും മററെല്ലാ കാര്യങ്ങളും പ്രാർത്ഥനയെ ആശ്രയിച്ചിരിക്കുന്നു

"ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും;
അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും;
മുട്ടുവിൻ, നിങ്ങൾക്കു തുറന്നു കിട്ടും.
ചോദിക്കുന്ന ഏവനും ലഭിക്കുന്നു;
അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു;
മുട്ടുന്നവനു തുറന്നു കിട്ടുകയുംചെയ്യുന്നു." *(മത്തായി 7: 7-8)*

- ☐ **യോജിച്ചുള്ള പ്രാർത്ഥനയുടെ ഫലദായകത്വവും ശക്തിയും**

"ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ യോജിച്ചു ചോദിക്കുന്ന ഏതു കാര്യവും എന്റെ സ്വർഗസ്ഥനായ പിതാവ് നിറവേററിത്തരും. എന്തെന്നാൽ, രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും."

*(മത്തായി 18: 19-20)*

- ☐ **പ്രാർത്ഥനയുടെ ശക്തിയിൽ വിശ്വസിക്കുന്നതിനുള്ള ഏററവും ഉദാത്തമായ കാരണം**

"സ്വപുത്രനെപ്പോലും ഒഴിവാക്കാതെ, നമുക്കെല്ലാവർക്കുംവേണ്ടി അവനെ ഏല്പിച്ചുതന്നവൻ അവനോടുകൂടെ സമസ്തവും നമുക്കു ദാനമായി നൽകാതിരിക്കുമോ?" *(റോമാ 8:32)*

- ☐ **പ്രാർത്ഥനയിൽ സ്ഥിരത — യേശു പറഞ്ഞ ഉപമ**

"ഭഗ്നാശരാകാതെ എപ്പോഴും പ്രാർത്ഥിക്കണം എന്നു കാണിക്കാൻ യേശു അവരോട് ഒരു ഉപമ പറഞ്ഞു:

ദൈവത്തെ ഭയപ്പെടുകയോ മനുഷ്യരെ മാനിക്കുകയോ ചെയ്യാത്ത ഒരു ന്യായാധിപൻ ഒരു പട്ടണത്തിൽ ഉണ്ടായിരുന്നു. ആ പട്ടണത്തിൽ ഒരു വിധവയും ഉണ്ടായിരുന്നു. അവൾ വന്ന് അവനോട്, എതിരാളിക്കെതിരെ എനിക്കു നീതി നടത്തിത്തരണമേ എന്നപേക്ഷിക്കുമായിരുന്നു. കുറെ നാളത്തേക്ക് അവൻ അതു ഗൗനിച്ചില്ല. പിന്നീട്, അവൻ ഇങ്ങനെ ചിന്തിച്ചു: ഞാൻ ദൈവത്തെ ഭയപ്പെടുകയോ മനുഷ്യരെ മാനിക്കുകയോ ചെയ്യുന്നില്ല. എങ്കിലും ഈ വിധവ എന്നെ ശല്യപ്പെടുത്തുന്നതുകൊണ്ടു ഞാനവൾക്ക് നീതി നടത്തിക്കൊടുക്കും. അല്ലെങ്കിൽ അവൾ കൂടെക്കൂടെ വന്ന് എന്നെ അസഹ്യപ്പെടുത്തും. കർത്താവ് പറഞ്ഞു: നീതിരഹിതനായ ആ ന്യായാധിപൻ പറഞ്ഞതെന്തെന്നു ശ്രദ്ധിക്കുവിൻ. അങ്ങനെയെങ്കിൽ രാവും പകലും തന്നെ വിളിച്ചു കരയുന്ന തന്റെ തിരഞ്ഞെടുക്ക

പ്പെട്ടവർക്ക് ദൈവം നീതി നടത്തിക്കൊടുക്കുകയില്ലേ? അവിടുന്ന് അതിനു കാലവിളംബം വരുത്തുമോ? അവർക്കു വേഗം നീതി നടത്തിക്കൊടുക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു."

*(ലൂക്കാ 18: 1-8)*

## ❑ പ്രാർത്ഥിക്കാൻ മററുള്ളവരെ ലഭിക്കുക

"...നീതിമാൻെറ പ്രാർത്ഥന വളരെ ശക്തിയുള്ളതും ഫലദായകവുമാണ്. ഏലിയാ നമ്മെപ്പോലുള്ള ഒരു മനുഷ്യനായിരുന്നു. മഴ പെയ്യാതിരിക്കാൻ അവൻ തീക്ഷ്ണതയോടെ പ്രാർത്ഥിച്ചു. ഫലമോ, മൂന്നു വർഷവും ആറു മാസവും ഭൂമിയിൽ മഴ പെയ്തില്ല. വീണ്ടും അവൻ പ്രാർത്ഥിച്ചു. അപ്പോൾ ആകാശം മഴ നൽകുകയും ഭൂമി ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു."

*(യാക്കോബ് 5: 16-18)*

## ❑ പ്രാർത്ഥന ശ്രവിക്കുമെന്നതിന് ദൈവിക ഉറപ്പ്

"സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ആരെങ്കിലും ഈ മലയോട് ഇവിടെ നിന്നു മാറി കടലിൽച്ചെന്നു വീഴുക എന്നു പറയുകയും ഹൃദയത്തിൽ ശങ്കിക്കാതെ, താൻ പറയുന്നതു സംഭവിക്കുമെന്നു വിശ്വസിക്കുകയും ചെയ്താൽ അവന് അതു സാധിച്ചുകിട്ടും. അതിനാൽ ഞാൻ പറയുന്നു: പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്നു വിശ്വസിക്കുവിൻ; നിങ്ങൾക്കു ലഭിക്കുകതന്നെ ചെയ്യും."

*(മർക്കോസ് 11: 23-24)*

"വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നതെല്ലാം നിങ്ങൾക്കു ലഭിക്കും."

*(മത്തായി 21:22)*

"അവൻെറ ഇഷ്ടത്തിനനുസൃതമായി എന്തെങ്കിലും നാം ചോദിച്ചാൽ അവിടുന്നു നമ്മുടെ പ്രാർത്ഥന കേൾക്കും എന്നതാണു നമുക്ക് അവനിലുള്ള ഉറപ്പ്. നമ്മുടെ അപേക്ഷ അവിടുന്നു കേൾക്കുന്നെന്നു നമുക്കറിയാമെങ്കിൽ നാം ചോദിച്ചതു കിട്ടിക്കഴിഞ്ഞു എന്നും നമുക്ക് അറിയാം." *(1 യോഹന്നാൻ 5: 14-15)*

"എന്റെ നാമത്തിൽ നിങ്ങൾ എന്നോട് എന്തെങ്കിലും ചോദിച്ചാൽ ഞാനതു ചെയ്തു തരും."

(*യോഹന്നാൻ 14:14*)


"മക്കൾക്കു നല്ല വസ്തുക്കൾ കൊടുക്കണമെന്നു ദുഷ്ടരായ നിങ്ങൾ അറിയുന്നുവെങ്കിൽ, നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ്, തന്നോടു ചോദിക്കുന്നവർക്ക് എത്രയോ കൂടുതൽ നന്മകൾ നൽകും."

(*മത്തായി 7:11*)

## എന്റെ പ്രാർത്ഥന

ACKAL JEEVASS KENDRA
LIBRARY
15827

CT Library
00096765
K30 F770




ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ

# രണ്ടായിരാമാണ്ടും നവസുവിശേഷവത്കരണവും

സാർവത്രികസഭയെ സംബന്ധിക്കുന്ന
ഒരു സംഭവത്തെക്കുറിച്ച് നിങ്ങളോട്
സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.
2000-ാം വർഷം എന്ന മഹത്തായ ജൂബിലി ആണ് അത്:
ഈ വാർഷികം സാർവത്രിക സഭയ്ക്ക്
ഗൗരവമായ നവീകരണത്തിൻെറ കാലഘട്ടമാണ്.
സഭയിൽ ഒരു പുതിയ പെന്തക്കൂസ്ത
ഉളവാക്കുന്നതിനു പരിശുദ്ധാത്മാവിനു കഴിയും.
യേശുക്രിസ്തുവിനെ സമസ്ത ലോകത്തിനും
നൽകുന്നതിൽ സഭ ഒന്നാകെ വ്യാപൃതയാകണം.
മാനവരാശി കണ്ടിട്ടുള്ളതിൽ വച്ച് ഏററവും
പ്രാധാന്യമേറിയ വാർഷികമാണ് 2000-ാമാണ്ട്.

ഒരുക്കമായി, നാം പ്രാർത്ഥിക്കണം, പ്രായശ്ചിത്തം ചെയ്യണം
മഹത്വമേറിയ സ്തോത്ര ഗീതിയിൽ ഒന്നായിത്തീരണം.

*1988 ഏപ്രിൽ പതിനേഴ്*

എമ്മാവൂസ് പബ്ളിക്കേഷൻസ്

BK